# SANTHOVANI

News Bulletin of St. Thomas Province



"Let us also go, that we may die with him."
Jn 11:16

ദുക്റാനതിരുനാൾ ആശംസകൾ



ഒന്നാം വർഷ വൈദികവിദ്യാർത്ഥികൾക്ക്
ചെറുപുഷ്പ സഭയിലേക്ക് ഹൃദ്യമായ സ്വാഗതം



നവസന്യാസികൾക്ക്
ആശംസകളും പ്രാർത്ഥനകളും

# Santhovani

**Bulletin of St. Thomas Province**

Private Circulation only

R3/06/2018 Jul-Sept 2018

## Editorial Board



Patron:

**Fr. Joby Edamuriyil CST**

Chief Editor:

**Fr. Joseph Chathanat CST**

Editors:

**Fr. Ebin Orathel CST**
**Bro. Sojan Nediyakalayil CST**
**Bro. Mathew Palathinkal CST**
**Bro. Abin Madassery CST**

Cover Design

**Fr. Deepu Kassamkuttiyil CST**

Published from

**St. Thomas Provincial House**
Chelavoor (P.O) Kozhikode
673571, Kerala, India
Mail. cstfrskkd@gmail.com

## Content

| Content | Page |
|---|---|
| 1. Message......... | 2 |
| 2. Official News | 4 |
| 4. പ്രൊവിൻഷ്യൽ ഹൗസ് വാർത്തകൾ | 9 |
| 5. Aluva Tidings | 11 |
| 6. ഇരിക്കൂറിന്റെ മണിനാദങ്ങൾ | 16 |
| 7. താബോറിന്റെ ഉൾത്തുടിപ്പുകൾ | 17 |
| 8. ഗുരുപഥത്തിൽ | 19 |
| 9. കന്നിക്കളം ആശ്രമം | 22 |
| 10. കോട്ടൂർ വാർത്തകൾ | 24 |
| 11. കരൂർ സെയ്തികൾ | 26 |
| 12. കൈതപ്പൊയിൽ വാർത്തകൾ | 28 |
| 13. കരിമാനി വാർത്തകൾ | 29 |
| 14. വേലൂർ വേവ്സ് | 31 |
| 16. പാലാക്കുഴി വാർത്തകൾ | 32 |
| 17. സമരിറ്റൻ ഹോം | 33 |
| 18. സാന്താമരിയ ആശ്രമം | 35 |
| 19. ശാന്തിഗ്രാം പെട്ടിക്കൽ | 35 |
| 20. ഗുരുവാനിക്കരയിൽ നിന്ന് | 36 |
| 21. പുഷ്പാരാം വാർത്തകൾ | 37 |
| 22. ജർമ്മൻ ന്യൂസ് | 38 |
| 23. Prayers and Greetings | 40 |

## *"MY LORD AND MY GOD"*

*St. Thomas' Day pivots the story of the apparition of Jesus (John 20:24-29) after his resurrection and the "faith crisis" that followed it. When Jesus appeared despite the locked doors, the disciples could see the wounds in his hands and at his side. Thomas was not there when Jesus came back. Upon hearing about the apparition, Thomas' immediate and natural reaction was: "unless I see it for myself and can touch his wounds, I won't believe".What could have been the feeling of Thomas right then? May be, he felt that they were playing a joke on him, or if they were talking the truth, why Jesus came in when he was absent. If such feelings are natural, can it be concluded as a sign of disbelief? Can it be concluded that the other ten disciples were very strong in their faith when Jesus asked only Thomas to do what the other disciples didn't have to do? Probably others too had the same struggle Thomas had. Thomas, therefore, becomes a chief representative of all disciples who struggle to live between faith and doubt.*

*We often make stark contrast between the faith and doubt. Is doubt against faith? Faith and apathy stand against each other. Doubt which is methodical, as Descartes meant it, plays a key role in the journey of faith. Doubt is a sign that we take our relationship with God very seriously. We allow ourselves to be honest in our search; we allow ourselves to start a journey without knowing exactly where are heading to. Doubt ("unless I see it for myself and can touch his wounds, I won't believe") when it is genuine grows and matures into real faith ("my Lord and my God").*

*The stories of great saints are not much different from that of Thomas. Most of them wrestled with their faith. Such crisis of faith is often called the "dark night of the soul". St. Theresa of Calcutta, St. John of the Cross and St. Therese of Lisieux, our Patroness are*

*a few examples. Sometimes they even questioned the very existence of God. Such doubt really bothered and tormented them. Has not Jesus doubted for a moment on the cross? Has he not felt that he was forsaken even by his beloved Father? Therefore doubt is existential and experiential. We see faith as a journey not as an end, or our time stop when we find our faith gets shaken, we question it; we wonder why Jesus does not appear to us when we are confronted with so much trials and tribulations, disheartening and shattering experiences and catastrophic moments. The pain of suffering becomes intense when we find others have seen and heard Jesus in our absence. This is the dark night of our soul.*

*Doubt, therefore is not a sign of God's absence but the 'divine gap', where God wishes to enter in. Even if you are not able to see the other shore, God is already there. Let us celebrate our doubt, for our faith becomes strong when we are able to commit our entire life for Him. It is this doubt that propelled Thomas, to India. All our endeavours and social outreaching are nothing but the concrete expression of our faith*

*I am also happy to share with you that we officially inaugurate the Samaritan Pain and Palliative Care Centre at Nellikkunnu on 15th August. Also with great enthusiasm and zeal we take a new daring step to North East Mission in the month of July itself. A contract between the diocese of Kohima, Nagaland and St. Thomas Province will be signed shortly. Your fervent prayer and wholehearted support are very essential to pass from the abyss of doubt to the shore of faith and surrender. Then together with Thomas we too can proclaim "My Lord and My God".*

*Once again wishing you a blessed feast and requesting your valuable prayers for our new endeavours and Mission,*

*Yours in Jesus*

***Fr. Joby Edamuriyil CST***
***Provincial Superior***

# OFFICIAL NEWS

1. Rev. Fr. Provincial attended the Episcopal consecration of Mar John Nellikkunnel, Bishop of Idukki.
2. Rev. Fr. Provincial inaugurated the vocation camp of our province at Little Flower Minor Seminary, Irikkur.
3. Rev. Fr. Provincial along with Frs. Anoop Narimattathil and Robin Manackalath made a visit to Kohima diocese to meet the Bishop and see different mission stations to explore new mission in North East.
4. Together with Fr. Provincial, Frs. Joseph Chathanat, John Kochupurackal, Aloysius Kondookalayil, George Kalladanthiyil, Jose Panthackal, Abraham Kottanallor, Johnson Puthussery and Gimmy Akkattu were elected and participated in the General Plenary Assembly of our Congregation on 23-26 May, 2018 at Generalate.
5. Rev. Fr. Provincial attended national CRI Major Superiors' Meeting in Chennai. The sessions of the meeting were fruitful enough to realize the signs of the time.
6. Rev. Fr. Provincial and Fr. Joseph Chathanat were present to welcome our new comers at Tabore Little Flower Seminary, Kalpetta.
7. Rev. Fr. Anoop Narimattathil successfully completed 7 years of his pastoral ministry in the diocese of Faridabad and now he is getting ready to spearhead our mission in North East.
8. Dn. Tom Pazheparambil has successfully completed his theological studies at JDV and came back to the province. He is going for his diaconate ministry at St. Sebastian's Church, Kottiyoor.

9 Rev. Fr. Provincial and the councillors visited St. Thomas Ashram, Kottoor and had a joint meeting with the members of the ashram.

10 Rev. Fr. Provincial and his team were present for the burial service of the beloved mother of Fr. Sebastian Chokkatt.

11 Rev. Fr. Provincial and Fr. George Nelluvelil participated in the burial service of Mr. Joseph Muppattayil, brother of our dear Fr. Muppattayil at Anackampoil.

12 Rev. Fr. Provincial together with Fr. Joseph Chathanat launched newly designed website of Navajyothi College, Cherupuzha.

13 Our loving Frs. Thomas Anatharackal and Binu Nedumala went to the diocese of Wheeling- Charleston, Fr. Joseph Puthiyath went to the diocese of Becker, Fr. Mathew Panachipuram went to the Archdiocese of Port Moresby and Fr. Vipin Thuruthiyil went to Kenya for their pastoral ministry.

14 Our dear Fr. Bijo Mamkoottathil is going to work in Little Flower Province, Gorakhpur.

15 Our loving Frs. Jojan Kurichikunnel, Joseph Meenpuzhackal, Bineesh Pallath, Vipin Elikot, Justin Chakkiath, Vinil Chirackel, Sijo Thottathil, Jino Ayiramalayil, Febin Puthumana, Reigan Palluruthiyil, Jiyo Kurisumoottil, Linson Chenganiyadan and Benny Akkoott came for their vacation and visited our provincial house.

16 Rev. Fr. Provincial participated in the following programmes at Little Flower Seminary, Aluva

**13-05-2018- Minor Orders and Major Seminary Gathering**

**14-05-2018- Governing body meeting of Little Flower Seminary, Aluva.**

17 Religious Profession is a great act of committing oneself to God in the Congregation. Our province is blessed with 17 young

zealous Novices who completed one year of Canonical Novitiate this year. First Profession was on 17th May, 2018 at 10.30 am, St. Thomas Church, Kottoor. Our 4 brothers who completed the minor seminary formation entered into Novitiate on 16th May, 2018.

18. Jubilee of religious life is great occasion for a person to thank God together with the members of the congregation. We have celebrated the Diamond Jubilee of Rev. Fr. Aloysius Kondookalayil, the first member of our Province who completed 60 years of religious life and Golden Jubilee of Fr. Joseph Chamakkalayil on 17th May, 2018 at Kottoor. We also gratefully remembered and prayed for Rev. Fr. Alex Kallarackal and Rev. Fr. Mathew Panachipuram who were not present for their jubilee celebrations. These celebrations were very much enriching for the younger generation to learn from the jubiliarians because of their commitment and ardent love for Christ and the Church.

19. Major Seminary gathering of our Province was held on 18th May, 2018 at Kottoor. There were meeting with Fr. Provincial and Councillors, one day outing and fruitful and entertaining programmes to enhance the bond among the seminarians who are doing their studies in different seminaries.

20. We have organized an exposure programme for the Major Seminarians of our Province from 19th May to 26, 2018 at Santhigram Ashram, Pettikkal. They were given opportunities to experience the life situation of *Adivasis* and were engaged in different social activities. We sincerely thank Frs. Thomas Mulangattil and Jophin Kuruvammackal for conducting the exposure programme and other Fathers for their cordiality and hospitality.

21. With the grace of God and hard work of our vocation promoters we are gifted with 24 minor seminarians this year. They joined the seminary on 7th June, 2018 at Tabore Little Flower Minor

Seminary, Kalpetta. Our province is grateful to Frs. Shaibin Puthuppallil and Anto Karakkattu for their commitment. Sincere thanks to our dear Fathers who also supported our vocation promoters.

**The address of our Fathers doing pastoral work in different dioceses**

1. Rev. Fr .Ebin Eruvelikunnel CST (Diocese of Ramanathapuam)
   Holy trinity Cathedral
   Trichy Road, Ramanathapuram,
   Coimbatore – 641 045, Tamil Nadu

2. Rev. Fr. Vimal Dev Kandathil CST (Diocese of Belthangady)
   Assistant Parish Priest
   St. George's Forane Church, Jadkal P.O
   Kundapur, Uduppi
   Karnataka 576233

3. Fr. Thomas Anatharackal
   (Diocese of Wheeling- Charleston, USA)
   299 School Street
   Romney, WV 26757, USA

4. Fr. Paul Mundumoozhikkara
   (Diocese of Wheeling- Charleston, USA)
   1516 Warwood Ave.
   Wheeling, WV 26003, USA

5. Fr. Binu Emmanuel CST
   (Diocese of Wheeling- Charleston, USA)
   Basilica of the Co-Cathedral of the Sacred Heart
   1032 Virginia St., East
   Charleston, West Virginia - 25301-2407
   USA
   Email- nedumalacst@gmail.com
   Cell - 001-304-7773069

6. Fr. Mathew Panachipuram CST
(Archdiocese of Port Moresby)
St. Martin de Porres Parish
P.O Box 5318, Boroko
NCD 111, Papua New Guinea

7. Fr. Joseph Puthiyath CST
St. Patrick's Church
341SW J Street, Madras
Oregon 97741, USA

**Higher Studies**

1. Rev. Fr. Rijo Karikkattil- MSW Medical Psychatry- Institute of Social Service, School of Social Work, Mangalore

2. Br. Sojan Nediyakalayil - Electrical and Electronics Engineering, Carmel Poly Technic College, Punnapra

**1st Year Theology**

1. Br. Bibin Cherukunnel - St. Thomas Apostolic Seminary, Vadavathoor

***Regents***

1. Br. Mathew Palathanath -St. Thomas Bhavan, Chelavoor
2. Br. Shebin Panthackal - Little Flower Boy's Home, Jellippara
3. Br. Joyal Panachipuram -Tabore Little Flower Minor Seminary, Kalpetta
4. Br. Jomet Vellamattathil- Lisieux Ashram, Velur
5. Br. Robin Chennattu - Little Flower Minor Seminary, Irikkur

***3rd Death Anniversary***

***Rev. Fr. Damien Kondoor CST***

*Requiem Mass on* ***09th July, 2018, Time: 6.30 am***

*Place:* ***St. Thomas Church, Kottoor***

## TABORE LITTLE FLOWER SEMINARY, KALPETTA.
## MINOR SEMINARIANS 2018-19

| *NO* | *NAME* | *HOUSE NAME* | *PARISH* | *DIOCESES* |
|---|---|---|---|---|
| 1 | Antony (Denny) | Chembakassery | Nellippara | Thalassery |
| 2 | Antony (Sijo) | Chittettuthadathil | Edoor | Thalassery |
| 3 | John (Godwin) | Iykkaraparambil | Payyavoor | Thalassery |
| 4 | Joseph (Albin) | Kappalumackal | Thomapuram | Thalassery |
| 5 | Jacob (Jaison) | Karedath | Vennakal | Thalassery |
| 6 | Abraham (Binu) | Karimpanackal | Karikkottakari | Thalassery |
| 7 | Emmanual (Jerin) | Karumbanal | Mlamala | Kanjarapilly |
| 8 | Thomas (Athul) | Kunnine | Anara | Thalassery |
| 9 | Mathew (Arun) | Kurisinkal | Kattippara | Thamarassery |
| 10 | Joyal | Mannakuzhiyil | Kannivayal | Thalassery |
| 11 | Joseph (Shan Jose) | Mulanthanath | Mattara | Thalassery |
| 12 | Jacob (Midhun) | Mundathuchundayil | Udayanapuram | Ernakulam-Agamali |
| 13 | Antony (Anto) | Muthukattil | Manadukam | Thalassery |
| 14 | Alfred (Albin) | Nellinilkumthadathil | Rajagiri | Thalassery |
| 15 | Joseph (Edison) | Palloorathil | Puravayal | Thalassery |
| 16 | Augustine (Ajin) | Parekattil | Chennalode | Manathavady |
| 17 | Augustine (Jithin) | Payyappalli | Vennakal | Thalassery |
| 18 | Sebastian (Milin) | Pinakkatt | Kuttipuram | Thamarassery |
| 19 | George (Precious) | Puthussery | Lisigiri | Thalassery |
| 20 | Antony John (Aakash) | Siyon | Paropady | Thamarassery |
| 21 | John (Alphin) | Tharakkunnel | Puravayal | Thalassery |
| 22 | Joseph (Salbin) | Varikkaplamthadathil | Thirumeni | Thalassery |
| 23 | Antony (Bobin) | Vazhuthanapalliyil | Velanilam | Pala |
| 24 | George (George) | Vellarigattu | Pathiripadam | Manathavady |

# പ്രൊവിൻഷ്യൽ ഹൗസ് വാർത്തകൾ

**ഉയിർപ്പ് മധുരം**

മരണത്തെ ജയിച്ചടക്കി ഉയിർപ്പിന്റെ ആനന്ദത്തിലേക്ക് ഈശോ നാഥൻ തന്റെ മക്കളെ അണിചേർക്കുന്നു. ഈസ്റ്റർ ദിനത്തിൽ ബഹു. പ്രൊവിൻഷ്യൾ അച്ചൻ ആഘോഷമായ ദിവ്യബലിയർപ്പിക്കുകയും ദിവ്യബലിക്കുശേഷം എല്ലാവർക്കും മധുരം നൽകി ഈസ്റ്ററിന്റെ മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

**വിട**

പ്രൊവിൻസിന്റെ അമരക്കാരനായി മൂന്നുവർഷക്കാലത്തെ തന്റെ സ്തുത്യർഹമായ സേവനത്തിനുശേഷം ജോസ് മേലേട്ടുകൊച്ചിയിലച്ചൻ കൈതപ്പൊയിൽ ആശ്രമത്തിലേക്ക് യാത്രയായി. മൂന്നുവർഷം പ്രൊവിൻസിന്റെ വളർച്ചയ്ക്കായ് അച്ചൻ അക്ഷീണം പ്രയത്നിച്ചു. അച്ചന്റെ മുമ്പോട്ടുള്ള യാത്രയിൽ എല്ലാ മംഗങ്ങളും പ്രാർത്ഥനയും ആശംസിക്കുന്നു.

**ജന്മദിനവും/നാമഹേതുകതിരുനാളും**

ദൈവം തന്ന മഹനീയ ദാനമാണ് ഓരോ ജന്മദിനവും. ഏപ്രിൽ 23-ാം തിയ്യതി ബഹു. ആലക്കച്ചൻ തന്റെ 71-ാം ജന്മദിനവും അന്നേ ദിവസം തന്നെ നെല്ലുവേലിൽ അച്ചനും ഡീക്കൻ റ്റോജസ്സും ബ്ര. നിഖിലും തങ്ങളുടെ നാമഹേതുക തിരുനാളും ആഘോഷിച്ചു. ബഹു. വാര്യാമറ്റം അച്ചൻ മെയ് 6-ാം തിയ്യതി തന്റെ ജന്മദിനം ആഘോഷിച്ചു. അന്നേ ദിനം മാർ തോമസ്സ് തുരുത്തിമറ്റം പിതാവ് സന്നിഹിതനായിരുന്നു. ജന്മദിനത്തിന്റെ മംഗളങ്ങൾ പിതാവ് അച്ചന് ആശംസിച്ചു. ജൂൺ 5-ാം തിയ്യതി റീജന്റ് ബ്ര. മാത്യുവിന്റെ ജന്മദിനവും ആഘോഷിച്ചു.

**മെയ് മാസ പുലരിയിൽ**

തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ സാഘോഷം 1-ാം തിയ്യതി കൊണ്ടാടി. ബഹു. ജോർജ്ജ് നെല്ലുവേലിയിലച്ചൻ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

**പഠിച്ച് മിടുക്കരാകാൻ**

ഈ അദ്ധ്യായനവർഷവും നിർദ്ധനരായ 25 കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**കർമ്മനിരതരായ്**

ചെറുപുഷ്പസഭയുടെ പുതിയ മേച്ചിൽ പുറങ്ങളിലേക്ക് സുവിശേഷ പ്രഘോഷണത്തിനായ് ആനത്താരക്കലച്ചനും, ബിനു നെടുമല അച്ചനും, ജോസഫ് പുതിയത്ത് അച്ചനും അമേരിക്കയ്ക്കും, പനച്ചിപ്പുറം അച്ചൻ പപ്പുവാ ന്യൂ ഗുനിയായ്ക്കും, വിപിൻ തുരുത്തിയിൽ അച്ചനും കെനിയയിലേക്കും യാത്രയായി. പുതിയ അജഗണങ്ങളെ ഇടയന്റെ പക്ക ലേക്ക് കൈപിടിച്ചു നടത്താൻ ഇടയന്റെ അനുഗ്രഹം എന്നും നിങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ.

**സ്നേഹ കരുതലിൽ**

സ്നേഹവും കരുതലും ഊട്ടിയുറപ്പിക്കാൻ ഇവിടെ എത്തിച്ചേർന്ന എല്ലാ വൈദീകർക്കും പ്രത്യേകിച്ച് ജോജൻ കുറിച്ചിക്കുന്നേൽ, ജോസഫ് മീൻപുഴയ്ക്കൽ, വിപിൻ എലിക്കോട്ട്, ജിനോ ആയിരംമല, ജസ്റ്റിൻ ചക്കിയത്ത്, വിനിൽ ചിറയ്ക്കൽ, സിജോ തോട്ടത്തിൽ, ബിനീഷ് പള്ളത്ത്, റെയ്ഗൺ പള്ളുരുത്തിയിൽ, ഫെബിൻ പുതുമനയ്ക്കും ശെമ്മാശൻമാർക്കും ഒത്തിരി സ്നേഹത്തോടെ നന്ദി പറയുന്നു.

**കൂടുമാറ്റം**

കോട്ടൂർ ഇടവക വികാരിയായിരുന്ന ബഹു. ചാത്തനാട്ടച്ചൻ ഹൗസിൽ എത്തിച്ചേർന്നു. ഇടവകാംഗങ്ങളുടെ സാന്നിധ്യത്തിൽ ആ കൂടുമാറ്റം നടത്തപ്പെട്ടു. പ്രൊവിൻഷ്യൽ അച്ചൻ പൂച്ചെണ്ട് നൽകി അച്ചനെ സ്വീകരിച്ചു. മൂന്നു വർഷക്കാലം Little Flower School നെ നയിച്ച ബഹു. സന്തോഷച്ചൻ കോട്ടൂർ ഇടവക വികാരിയായി പ്രൊവിൻഷ്യൾ ഹൗസിൽ നിന്നും യാത്രയായി. അച്ചൻമാർക്ക് എല്ലാവിധ ആശംസകളും.

## Water Water Everywhere Water

2007 വെള്ളപ്പൊക്കത്തിനുശേഷം മറ്റൊരു വെള്ളപ്പൊക്കത്തിന് പ്രൊവിൻഷ്യൾ ഹൗസ് സാക്ഷ്യം വഹിച്ചു. നിപ്പാ പേടിയിലായിരുന്ന ഞങ്ങളെ ഞെട്ടിച്ച് കണ്ണടച്ചു തുറക്കും വേഗത്തിൽ വെള്ളം വന്ന് പ്രൊവിൻഷ്യൽ ഹൗസിനെ വാരിപുണർന്നു. Ground Floor മുഴുവനും വെള്ളം നിറഞ്ഞു. അച്ചൻമാരുടെയും ബ്രദേഴ്സിന്റെയും സന്ദർഭോചിത മായ ഇടപെടൽ വലിയ നാശനഷ്ടങ്ങളിൽ നിന്നും ഹൗസിനെ രക്ഷപ്പെടുത്തി. ഞങ്ങൾക്ക് അന്നം തന്ന സലേഷ്യൻ സിസ്റ്റേഴ്സിനും, MSMI സിസ്റ്റേഴ്സിനും നന്ദി പറയുന്നു. ഭക്ഷണം ഹൗസിലെത്തിക്കാൻ വാഴവെട്ടി ഞങ്ങൾ ചങ്ങാടം ഉണ്ടാക്കി. രക്ഷാപ്രവർത്തനത്തിന്

നേതൃത്വം നൽകിയ ഫാദേഴ്സ് ജോർജ് നെല്ലുവേലിൽ, എബിൻ, ദീപു, റോബിൻ അച്ചൻമാർക്കും, ജോഷി ചേട്ടായിക്കും, ടോം, മാത്യു, സോജൻ ബ്രദേഴ്സിനും നന്ദിയറിയിച്ചു കൊള്ളുന്നു. ഇനിയാർക്കും നീന്താതെ ഹൗസിലേക്ക് കടന്നുവരാം....!

# Aluva Tidings

**ദൈവം നമ്മുടെ കൂടെ - എമ്മാനുവേൽ**

ദൈവം നമ്മുടെ കൂടെ എമ്മാനുവേൽ എന്ന അർത്ഥം ഉൾക്കൊണ്ടുകൊണ്ട് തങ്ങളുടെ വ്രതനവീകരണത്തിനും ചെറുപട്ടങ്ങൾക്കും ഒരുക്കമായി നടത്തിയ വാർഷികധ്യാനം മെയ് 6-ാം തിയ്യതി ഫാ. ജേക്കബ് പൂതക്കൂഴി അച്ചന്റെ നേതൃത്വത്തിൽ സെമിനാരിയിൽ നടന്നു. നമ്മെത്തന്നെ പൂർണ്ണമായി കൊടുക്കുന്നത് ദൈവസ്നേഹത്താൽ നിറഞ്ഞ് മറ്റുള്ളവർക്ക് നന്മയായിത്തീരുവാനായി, ഒട്ടേറെ നല്ല അനുഭവങ്ങളും, ഉൾക്കാഴ്ചകളും വഴി ഞങ്ങളുടെ ജീവിതത്തെ ധന്യമാക്കിയ ഫാ. ജേക്കബ് പൂതക്കൂഴി അച്ചന്റെ ടീമിന് നന്ദി...

**പുണ്യദിനങ്ങളിലൂടെ...**

ചെറുപുഷ്പസഭയെ സംബന്ധിച്ചിടത്തോളം മെയ് മാസം വളരെ പുണ്യദിനമായാണ് കണക്കാക്കുന്നതും അഭിമാനിക്കുന്നതും. കാരണം സന്ന്യാസ പൗരോഹിത്യത്തിലേക്ക് ഒരു പടി കൂടി കയറിയതിന്റെ പുണ്യസ്മരണകളാണ്. വ്രതബദ്ധജീവിതത്തിന്റെ ഒരു വർഷം കൂടി നല്ലവനായ ദൈവം നൽകിക്കൊണ്ട് മെയ് 12-ാം തിയ്യതി ജനറാളച്ചന്റെയും മറ്റ് വൈദീകരുടെയും സാന്നിദ്ധ്യത്തിൽ തങ്ങളുടെ വ്രതനവീകരണം നടത്തുകയും, അദിലബാദ് രൂപതാദ്ധ്യക്ഷൻ പ്രിൻസ് പിതാവിന്റെ കൈവയ്പ്പുവഴി ചെറുപട്ടങ്ങൾ സ്വീകരിക്കുകയും ചെയ്തു. ദൈവമേ നന്ദി... ദൈവമേ സ്തുതി...

**Major Seminary Gathering -2018**

ഒത്തൊരുമയുടെയും സ്നേഹത്തിന്റെയും കരുതലിന്റെയും പുണ്യസ്മരണകൾ ഒരിക്കൽകൂടി Little Flower Seminary യിൽ "Major Seminary Gathering -2018" മെയ് 13-ാം തിയ്യതി നടന്നു. വിവിധ സെമിനാരികളിൽ പഠിച്ചുകൊണ്ടിരിക്കുന്ന ബ്രദേഴ്സിന്റെ ഈ നല്ല കൂട്ടായ്മ ജീവിതത്തിൽ എന്നും ഓർമ്മിക്കേണ്ടതും അഭിമാനിക്കേണ്ടതുമായ കാര്യമാണ്. ചിരിക്കുവാനും കളിക്കുവാനും ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുവാനുമായി അവസരം നൽകിയതിന് നന്ദി... സഭയുടെ പുതിയ പ്രവർ

ത്തനങ്ങളെക്കുറിച്ച് ചിന്തിക്കുവാനും തന്റെ നിലപാടുകൾ പരസ്പരം നല്ല രീതിയിൽ കൊണ്ടുപോകാൻ അക്ഷീണം പ്രയ്തനിച്ച എല്ലാവർക്കും ഒത്തിരി നന്ദി...

**"ചെറിയവരായിരിക്കുക ചെറിവരോട് കൂടെയായിരിക്കുക"**

സൗഹൃദത്തിന്റെയും പങ്കുവെയ്ക്കലിന്റെയും പരസ്പരം മനസ്സിലാക്കലിന്റെയും ദിനങ്ങളായിരുന്നു മെയ് 20 മുതൽ 31 വരെയുള്ള അട്ടപ്പാടി, പെട്ടിക്കൽ ആശ്രമത്തിലെ ജീവിതം. അത് മറ്റൊന്നുമല്ല മേജർ സെമിനാരിക്കാരുടെ Exposure Programme ദിനങ്ങളായിരുന്നു. ഊരുകൾ സന്ദർശിച്ചതും ഭവനസന്ദർശനം നടത്തിയതും ഒരുമിച്ചുള്ള ജോലികളും കളികളും ക്ലാസ്സുകളുമെല്ലാം ജീവിതത്തിൽ ഒരു മുതൽ ക്കൂട്ടുതന്നെയായിരുന്നു. ഞങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും താമസ സൗകര്യങ്ങളും ഒരുക്കിതന്ന തോമസച്ചനും ജോഫിനച്ചനും ഞങ്ങളെ സന്ദർശിച്ച പ്രൊവിൻഷ്യളച്ചനും മറ്റച്ചന്മാർക്കും എല്ലാ നന്മകളും നേരുന്നു.

**പുതുമലരുകൾ**

Little Flower Major Seminary അങ്കണത്തിൽ നറുമൊട്ടിട്ടിരിക്കുന്ന ഞങ്ങളുടെ സഹോദരങ്ങളോടൊപ്പമായിരിക്കുന്നതിൽ എന്തെന്നില്ലാത്ത ഒരു ആനന്ദം ഞങ്ങളെ ചൂഴുന്നു നിൽക്കുന്നു. "ജീവിതമാകുന്ന ഉത്സവത്തിലേക്ക് ക്ഷണിക്കപ്പെട്ടപ്പോൾ തന്നെ ഞാൻ ധന്യനായി" എന്ന് രവീന്ദ്രനാഥ ടാഗോർ പറഞ്ഞതുപോലെ തന്നെ ഈ പുതുമലരുകളോടൊപ്പമായിരിക്കാൻ ഞങ്ങൾക്കു സാധിച്ചതും ഞങ്ങളുടെ ജീവിതത്തെ മനോഹരമാക്കുന്നു. 36 CST സഭാംഗങ്ങൾക്കും പുറമെ CFIC, MSJ, ORC, CSSR എന്നീ സന്ന്യാസ സമൂഹങ്ങളിൽ നിന്നും പുത്തൂർ, പത്തനംതിട്ട, തിരുവല്ല, ഗോരഖ്പൂർ എന്നീ രൂപതകളിൽ നിന്നും ആയി 61 പുതുമലരുകളാണ് LFS ൽ നാമ്പെടുത്തത്.

## Schola Brevis

അറിവിനോടൊപ്പം തിരിച്ചറിവും വിവരത്തിനൊപ്പം വിവേകവും സ്വന്തമാക്കാനുള്ള ഞങ്ങളുടെ പ്രയാണത്തിന് പുതിയ മാനങ്ങളും അഭിരുചിയും പകർന്നു നൽകികൊണ്ട് 02-06-2018 ശനിയാഴ്ച Little Flower Major Seminary അങ്കണത്തിൽ ഈ വർഷത്തെ അദ്ധ്യായന

വർഷത്തിനു തിരിതെളിഞ്ഞു. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിക്കുശേഷം സെമിനാരി ഓഡിറ്റോറിയത്തിൽ വെച്ചു നടന്ന ഉദ്ഘാടന സമ്മേളനത്തിൽ പെരി. ബഹു എടയന്ത്രത്ത് പിതാവിന്റെ മുഖ്യ പ്രഭാഷണത്തോടെ പുതിയ അദ്ധ്യായനവർഷത്തിന് തിരിതെളിഞ്ഞു. സമഗ്രവളർച്ചയെ ലക്ഷ്യംവെച്ച് നടന്നുനീങ്ങാൻ ആഗ്രഹിക്കുന്ന ഞങ്ങൾക്ക് നിങ്ങളുടെ പ്രാർത്ഥനകൾ തുണയായിരിക്കട്ടെ.

## *തൊട്ട് വിശ്വസിച്ചവർ*

*"അവന്റെ പാർശ്വത്തിൽ വിരലിട്ട് നോക്കിയാലേ ഞാൻ വിശ്വസിക്കൂ" എന്ന് പറഞ്ഞവൻ "ആണിപ്പഴുതുള്ള കരങ്ങൾ കാണാതെ ഞാൻ വിശ്വസിക്കില്ല"യെന്ന് ശപഥം ചെയ്തവൻ ക്രിസ്തുവിനെ കണ്ടപ്പോൾ നിലവിളിച്ചു. "എന്റെ കർത്താവേ എന്റെ ദൈവമേ" എല്ലാം ഒരു അനുഭവത്തിനു വേണ്ടിയായിരുന്നു. "ക്രിസ്തുവിനെ വ്യക്തിപരമായി അനുഭവിക്കാതെ അവനെ അപരന് നൽകുക അസാധ്യമെന്ന്" തോമസ് നമ്മെ പഠിപ്പിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്.*

*കനൽ കൂടെക്കൊണ്ടുനടക്കുന്നവർ അത് ഊതിക്കൊണ്ടേയിരിക്കും, അടുത്തു നിൽക്കുന്നവയെയും അകലെയായിരിക്കുന്ന വയേയും തന്റെ തീപ്പൊരി വഴി കനൽ സ്വന്തമാക്കും. കനലുമായിട്ടാ യിരുന്നു AD 52 ൽ ശ്ലീഹ കൊടുങ്ങല്ലൂരിൽ കപ്പൽ ഇറങ്ങിയത് ക്രിസ്തുവെന്ന കനലുമായി. പിന്നീടങ്ങോട്ട് ക്രിസ്തുവിനെ അറിയിക്കുകയായിരുന്നു അവന്റെ പരിശ്രമം. അനുഭവങ്ങളില്ലാത്ത താണ് ഈ കാലഘട്ടത്തിന്റെ പ്രതിസന്ധി. അവൻ ഏഴരപ്പള്ളി സ്ഥാപിച്ചതുപ്പോലെ ഒരുപാട് ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുരാല യങ്ങൾ എല്ലാം പടുത്തുയർത്തപ്പെടുന്നു. ആ മഹാ വിശുദ്ധനെപ്പോലെ ക്രിസ്തുവിനെ കൊടുക്കാൻ ഈ കാലഘട്ടത്തിലെ ശിഷ്യൻമാർക്ക് സാധിക്കുന്നില്ല. ഇതിനുകാരണം ദേസ്തേയോവിസ്കിയുടെ "അലീഷ്യ" എന്ന കഥാപാത്രം പറയുന്നതു പോലെ "All of us are responsible for everything even more" ആ യോഗിയുടെ തിരുനാൾ ആഘോഷി ക്കുമ്പോൾ ഈ ചിന്ത മനസ്സിലുണ്ടാകട്ടെ ഞാനും ക്രിസ്തുവിനെ കൊടുക്കാൻ വിളിക്കപ്പെട്ടവനാണ്.*

*- Bro. Jestin Kannanthanam CST*

## 2018-19 വർഷത്തെ മേജർ സെമിനാരിക്കാരുടെ
## Exposure Programme റിപ്പോർട്ട്

മണ്ണിനോട് മണ്ണടിച്ചും, മണ്ണിന്റെയും മലരിന്റെയുമായ ലോകത്തിൽ മനം കുളിർപ്പിക്കുന്ന അനുഭൂതിയിൽ ശാന്തസുന്ദര ജീവിതം നയിക്കുന്ന അട്ടപ്പാടി ജനസമൂഹത്തോടൊപ്പം ജീവിതയാഥാർത്ഥ്യങ്ങളെ സ്വന്തമാക്കാൻ ആഗ്രഹിച്ചുകൊണ്ട് ഞങ്ങൾ 22 സഹോദരങ്ങൾ ബഹു. ഡീക്കൻ റ്റോജസിന്റെ നേതൃത്വത്തിൽ 19-05-18 ശനിയാഴ്ച രാവിലെ കോട്ടൂർ സെന്റ് തോമസ് ആശ്രമത്തിൽ നിന്ന് പെട്ടിക്കൽ ശാന്തിഗ്രാം ആശ്രമത്തിലേക്ക് യാത്ര തിരിച്ചു. യാത്രയിലുടനീളം തികഞ്ഞ ആകാംക്ഷയും സന്തോഷത്തിന്റെ അലയടികളും ഞങ്ങളെ പിൻതുടരുന്നുണ്ടായിരുന്നു. അന്നു വൈകുന്നേരം 6 മണിയോടെ ഞങ്ങൾ നക്കുപതി ആശ്രമത്തിൽ എത്തുകയും ബഹു. ജോർജ്ജ് കാപ്പിലിപ്പറമ്പിലച്ചനും ബഹു. ജിന്റോ കോയിക്കക്കുന്നേലച്ചനും നൽകിയ സ്നേഹസൽക്കാരം സ്വീകരിച്ച് 7 മണിയോടെ ബഹു. ജോഫിനച്ചനോടൊപ്പം പെട്ടിക്കൽ ശാന്തിഗ്രാം ആശ്രമത്തിൽ എത്തിച്ചേരുകയും ചെയ്തു. തുടർന്ന് ബഹു. തോമസ് മുളങ്ങാട്ടിലച്ചന്റെ ഹാർദ്ദവമായ സ്വാഗതാശംസയോടെ അട്ടപ്പാടിയുടെ ഉൾതുടിപ്പുകളോട് ഒന്നുചേരാൻ ഞങ്ങൾക്കു സാധിച്ചു.

അട്ടപ്പാടി ആദിവാസി സമൂഹത്തെപ്പറ്റി Class എടുക്കുകയും ഞങ്ങളുടെ സംശയങ്ങൾക്ക് വിരാമവും പുതിയ ഉൾക്കാഴ്ചകളും അച്ചൻ പകർന്നു നൽകുകയും ചെയ്തു. വൈകുന്നേരത്തെ അത്താഴവിരുന്നിൽ ബഹു. ജിന്റോ കോയിക്കക്കുന്നേലച്ചനും, ജോബി ഇടത്തിനാലച്ചനും വിപിൻ തുരുത്തിയിൽ അച്ചനും, ജെല്ലിപ്പാറ വികാരി ജോസ് പ്രകാശ് അച്ചനും Rogationist വൈദീകനായ സാംസൺ അച്ചനും പങ്കുചേർന്നത് ഞങ്ങൾ സ്നേഹത്തോടെ ഓർക്കുന്നു. 21-05-18 തിങ്കളാഴ്ച ഉച്ചവരെ നടന്ന അദ്ധ്വാനത്തിനുശേഷം ഉച്ചയോടെ ബഹു. പ്രൊവിൻഷ്യൾ ജോബി ഇടമുറിയിൽ അച്ചൻ ഞങ്ങളെ സന്ദർശിച്ചതും സ്നേഹാശംസകൾ അറിയിച്ചതും ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു.

22-05-18 ചൊവ്വാഴ്ചത്തെ ജോലിയും ഉച്ചകഴിഞ്ഞുള്ള വിനോദവും ചിറ്റൂർ പുഴയിലെ കുളിയുംമെല്ലാം ഒളിമങ്ങാത്ത ഓർമ്മകളായി മനസ്സിൽ സ്ഥാനം പിടിച്ചിരിക്കുന്നു. 23-ാം തിയ്യതി ബുധനാഴ്ച ഞങ്ങൾ ബഹു. തോമസച്ചനോടും, ജോഫിനച്ചനോടുമൊപ്പം ആദിവാസികളെ സന്ദർശിച്ചു. അവിടെ ഒത്തുചേർന്നിരുന്ന ആദിവാസി കുട്ടികളോടൊപ്പം

സമയം ചിലവഴിച്ചതും അവരുടെ തനതായ കലാസമ്പത്ത് ആസ്വദിക്കാനും ഞങ്ങൾക്ക് അവസരം ലഭിച്ചത് വ്യത്യസ്തങ്ങളിൽ വ്യത്യസ്തമായ അനുഭവസമ്പത്ത് ഞങ്ങൾക്ക് പ്രദാനം ചെയ്തു. അതിനുശേഷം Rogationist ആശ്രമത്തിൽ ഞങ്ങൾ സന്ദർശനം നടത്തി. തുടർന്ന് മൂലഗംഗൻ എന്ന സ്ഥലത്തെ ആദിവാസി കുടുംബങ്ങളെ അടുത്തറിയാനും അവരോടൊപ്പം ആയിരിക്കാനും ഞങ്ങൾക്ക് അവസരം ലഭിച്ചു. പിറ്റേന്ന് 24-ാം തിയ്യതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30 ഓടെ ജെല്ലിപ്പാറ ആശ്രമത്തിൽ സന്ദർശനം നടത്തുന്നതിന് ഞങ്ങൾക്കു അവസരം ലഭിച്ചു. ബഹു. വിപിൻ തുരുത്തിയിലച്ചൻ ഞങ്ങളെ ഹാർദ്ദവമായി സ്വാഗതം ചെയ്യുകയും ജെല്ലിപ്പാറ വോളിബോൾ മാച്ചിനുശേഷം അച്ചനൊരുക്കിയ സ്നേഹവിരുന്ന് ആസ്വാദിച്ചു തികഞ്ഞ സംതൃപ്തിയോടെ പെട്ടിക്കൽ ആശ്രമത്തിലേക്ക് മടങ്ങി.

25-ാം തിയ്യതിയും 26-ാം തിയ്യതിയും ജോലികൾ ഉണ്ടായിരുന്നു. ഡീക്കൻ റ്റോജസിന്റെ നേതൃത്വത്തിൽ ജോലികൾ ഭംഗിയായി പൂർത്തിയാക്കാൻ സാധിച്ചു. ഞങ്ങൾ 27-ാം തിയ്യതി ഞായറാഴ്ച രാവിലെ ദിവ്യബലിക്കുശേഷം 'പുതുജീവൻ' സന്ദർശിക്കാനും അവിടെയുള്ള അന്തേവാസികളെ നേരിട്ടുകാണാനും ക്ഷേമാന്വേഷണങ്ങൾ ആരായുവാനും അവരോടൊപ്പം ആയിരിക്കുവാനും ഞങ്ങൾക്കു സാധിച്ചു. 28-ാം തിയ്യതി ബഹു. ദൈവശാസ്ത്രം പഠിക്കുന്ന ബ്രദേഴ്സ് തങ്ങളുടെ പഠനമേഖലകളിലേക്ക് തിരിച്ചു യാത്രയായി. 28-ാം തിയ്യതിയും 29-ാം തിയ്യതിയും ഉച്ചവരെ ജോലികൾ ഉണ്ടായിരുന്നു. 30-ാം തിയ്യതി രാവിലെ ദിവ്യബലിക്കുശേഷം ഞങ്ങൾ 13 സഹോദരങ്ങൾ അട്ടപ്പാടിയുടെ മാതൃഹൃദയത്തിൽ നിന്ന് ആലുവ സെമിനാരിയിലേക്ക് യാത്രയായി. ഒരാഴ്ചത്തെ ഞങ്ങളുടെ Exposure Programme നുശേഷം അട്ടപ്പാടിയുടെ നല്ല ഓർമ്മകളിൽ നിന്ന് ഞങ്ങൾ യാത്രയാകുമ്പോൾ ബഹു. പ്രൊവിൻഷ്യൾ അച്ചനേയും ഞങ്ങളെ ഒത്തിരി സ്നേഹിക്കുകയും കരുതുകയും ചെയ്ത ബഹു. തോമസ് മുളങ്ങാട്ടിലച്ചനേയും ജോഫിൻ കറുവമ്മാക്കൽ അച്ചനേയും ഞങ്ങളോടൊപ്പം ആയിരുന്ന ബഹുമാനപ്പെട്ട അച്ചൻമാരേയും ഞങ്ങൾക്ക് നേതൃത്വത്തിന്റെ വിജയപാഠം കാണിച്ചുതന്ന ബഹു. റ്റോജസ് ഡീക്കനേയും ഞങ്ങൾ ഏറെ നന്ദിയോടും സ്നേഹത്തോടും ഓർക്കുന്നു.

***- ബ്ര. ആൽബിൻ പാലമൂട്ടിൽ സി.എസ്.റ്റി.***

# ഇരിക്കൂറിന്റെ മണിനാദങ്ങൾ

**നവാഗതർക്ക് സ്വാഗതം**

കല്പറ്റ സെമിനാരിയിൽ ഒന്നാം വർഷ പരിശീലനം പൂർത്തിയാക്കിയ 11 ബ്രദേഴ്സ് തങ്ങളുടെ അവധിക്കാലത്തിനുശേഷം മെയ് 3-ാം തിയ്യതി ഇരിക്കൂർ സെമിനാരിയിൽ എത്തിച്ചേർന്നു. കുറഞ്ഞ ദിവസങ്ങൾ കൊണ്ട് തന്നെ അവർ സെമിനാരിയുടെ ഭാഗമായിത്തീർന്നു. അവർക്ക് ഇരിക്കൂറിൽ നല്ലൊരു പരിശീലന കാലഘട്ടം ആശംസിക്കുന്നു.

**Welcome Back To Irikkur**

അവധിക്കാലത്തിന് ശേഷം മെയ് 5-ാം തിയ്യതി +2 ബാച്ചിലെ 8 ബ്രദേഴ്സ് സെമിനാരിയിൽ മടങ്ങിയെത്തി. അവധിക്കാലം നല്ല രീതിയിൽ ചിലവഴിക്കാനും ബന്ധങ്ങൾ പുതുക്കാനും കഴിഞ്ഞു... നല്ല തമ്പുരാന് നന്ദി...

**ദൈവസന്നിധിയിൽ നിന്ന്....**

അദ്ധ്യായന വർഷത്തിന്റെ ആരംഭത്തിൽ ഒരു ആത്മീയ തുടക്കം കുറിച്ചുകൊണ്ട് ബഹുമാനപ്പെട്ട തോമസ് കല്ലിടുക്കിൽ അച്ചന്റെ നേതൃത്വത്തിൽ മാസധ്യാനവും പ്രാർത്ഥനാദിനവും നടത്തപ്പെട്ടു. ഞങ്ങളുടെ സന്യാസദൈവവിളിയെക്കുറിച്ച് കൂടുതൽ ചിന്തിക്കുവാനും പ്രാർത്ഥിക്കുവാനും ഈ മാസധ്യാനം സഹായിച്ചു. അച്ചൻ നൽകിയ ആത്മീയചിന്തകൾ ഈ അദ്ധ്യായന വർഷം മുഴുവനും ഞങ്ങൾക്ക് കരുത്ത് നൽകും എന്നതിൽ സംശയമില്ല.

**Well Begun Is Half Done**

അദ്ധ്യായന വർഷത്തിന് ശുഭാരംഭം കുറിച്ചുകൊണ്ട് മെയ് 7-ാം തിയ്യതി +1, +2 ബാച്ചുകൾക്ക് ക്ലാസ്സുകൾ ആരംഭിച്ചു. ഇക്കണോമിക്സ്, മലയാളം എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിനായി സുനീഷ് സാർ , സ്വപ്ന ടീച്ചർ എന്നിവർ കടന്നുവന്നു. ഈ അദ്ധ്യായനവർഷം ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കട്ടെയെന്ന് സർവ്വേശ്വരനോട് പ്രാർത്ഥിക്കുന്നു.

**സ്വാഗതം...**

സെമിനാരിയുടെ വൈസ് റെക്ടറും പുതിയ അംഗവുമായി ബഹുമാനപ്പെട്ട പോൾ ഓലിക്കലച്ചൻ മെയ് 7-ന് കടന്നുവന്നു. അച്ചന്മാരും ബ്രദേഴ്സും ചേർന്ന് അച്ചനെ സ്നേഹപൂർവ്വം സ്വീകരിച്ചു.

അച്ചന്റെ സാന്നിധ്യം സെമിനാരിയ്ക്ക് കൂടുതൽ ഊർജ്ജം പകരുന്നു.

**ഒരു ജന്മനാൾ കൂടി...**

മെയ് 25-ാം തിയ്യതി ബഹുമാനപ്പെട്ട പോൾ ഓലിയ്ക്കൽ അച്ചന്റെ ജന്മദിനം സെമിനാരിയിൽ ആഘോഷിച്ചു. അന്നേ ദിവസം കോട്ടൂർ, നെല്ലിക്കുന്ന് ആശ്രമങ്ങളിലെ വൈദികരും സിസ്റ്റേഴ്സും ജന്മദിനാഘോഷങ്ങളിൽ പങ്കുചേരുകയും പോളച്ചന് ആശംസ നേരുകയും ചെയ്തു. പോളച്ചന് ഒരായിരം ജന്മദിനാശംസകൾ. തുടർന്നുള്ള നാളുകൾ നിറവിന്റെ ദിനങ്ങളായി തീരാൻ പ്രാർത്ഥിക്കുന്നു.

**ആന്റോ @ 30**

ആന്റോ കാരക്കാട്ട് അച്ചന്റെ ജന്മദിനം മെയ് 29-ാം തിയ്യതി സെമിനാരിയിൽ സാഘോഷം കൊണ്ടാടി. അന്നേ ദിവസം നവ സന്യാസം പൂർത്തിയാക്കിയ 17 സഹോദരങ്ങളും സെമിനാരിയിൽ എത്തിച്ചേരുകയും തങ്ങളുടെ നവസന്യാസ അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു. കോട്ടൂർ, നെല്ലിക്കുന്ന് ആശ്രമങ്ങളിലെ വൈദികരുടെ സാന്നിദ്ധ്യം ജന്മദിനാഘോഷങ്ങൾക്ക് മാറ്റു കൂട്ടി. ആന്റോ അച്ചന് ജന്മദിനമംഗളങ്ങൾ നേരുന്നു... ആയുരാരോഗ്യത്തിനായി പ്രാർത്ഥിക്കുന്നു.

**നന്ദിയുടെ നറുമലരുകൾ**

ഈ ദിനങ്ങളിൽ ഞങ്ങളെ സന്ദർശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാ ബഹുമാനപ്പെട്ട വൈദീകർക്കും ഒരായിരം നന്ദി. തമ്പുരാൻ നിങ്ങളുടെ നല്ല മനസ്സിനെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

# താബോറിന്റെ ഉൾത്തുടിപ്പുകൾ

**താബോർ അനുഭവങ്ങൾ**

താബോർ വാർത്തകളിലേക്ക് ഏവർക്കും സ്വാഗതം. സെമിനാരിയുടെ വിജയം പരിശീലനത്തിന്റെ വിജയമാണ്. അതു പരിശീലകരുടെയും അർത്ഥികളുടെയും വിജയമാണ്. ദൈവാന്വേഷണത്തിന്റെ ഈറ്റില്ലമാണത്. “ദൈവം എവിടെയാണുള്ളതെന്നു പറഞ്ഞാൽ ഒരാപ്പിൾ തരാം” എന്നു പറഞ്ഞ അധ്യാപകനോട് “ദൈവം എവിടെയാണ് ഇല്ലാത്തതെന്നു പറഞ്ഞാൽ രണ്ടാപ്പിൾ തരാം” എന്ന് മറുപടി പറഞ്ഞ ജോസഫ് സാർത്തോ (വി. പത്താം പിയൂസ്) യേപ്പോലെ ബോധ്യങ്ങൾ നൽകുന്ന സ്ഥലം. വി. സക്രാരിയുടെ കാവൽക്കാരിയായ ഏവുപ്രാസ്യാ

യെപ്പോലെയും ഉണ്ണീശോ നേരിട്ട് വ്യാകരണം പഠിപ്പിച്ച ലീമായിലെ റോസ് പുണ്യവതിയെപ്പോലെയും പക്വതയിലെത്തുന്ന സ്ഥലം. ഞങ്ങളുടെ വാർത്തകളും വിശേഷങ്ങളുമിതാ....

**റെക്ടറിന്റെ കഥ സ്റ്റാഫിന്റെയും**

മലയാളസാഹിത്യത്തിൽ MA എടുത്ത ജോയ്സ് പീടികയിലച്ചൻ സെമിനാരി റെക്ടറായി ചാർജ്ജെടുത്തു. ഫാ. ജോർജ്ജ് മുള്ളുകൊടിക്കൽ ആദ്ധ്യാത്മിക പിതാവായി തുടരുന്നു. ഫാ.ഷൈബിൻ വൈസ് റെക്ടറും പ്രൊക്യുറേറ്ററുമായി ചാർജ്ജെടുത്തു. അദ്ദേഹം വൊക്കേഷൻ പ്രൊമോട്ടർ കൂടിയാണ്. ബ്ര. ജോയൽ പനച്ചിപ്പുറം റീജന്റായി സേവനം ചെയ്യുന്നു.

**24 വർണ്ണതത്ത**

ഈ വർഷം സെമിനാരിയിലേക്ക് 24 സഹോദരങ്ങളാണ് എത്തിച്ചേർന്നിരിക്കുന്നത്. ഒരു പൂന്തോട്ടത്തിലെ പല പുഷ്പങ്ങളെപ്പോലെ തങ്ങളിലെ വർണ്ണങ്ങളും അനന്യതയും ഉയർത്തിക്കാട്ടി 07-06-18 ന് അവർ സന്യാസ പൗരോഹിത്യത്തിലേക്കുള്ള ജൈത്രയാത്ര ആരംഭിച്ചു. വെള്ളാരംകുന്നിന്റെ കുളിരിലും ദൈവതീക്ഷ്ണതയാൽ എരിയുവാനായി ആ സഹോദരങ്ങൾക്കായി നമുക്കു കൈകൂപ്പാം.

**താബോറിന്റെ അതിഥികൾ**

കുറെ നല്ല മനസുകൾ ഞങ്ങളെ സന്ദർശിച്ചു. വൈദീകാർത്ഥികളെ സ്വീകരിക്കുവാൻ സന്നിഹിതനായ പ്രൊവിൻഷ്യൾ റവ. ഡോ. ജോബി ഇടമുറിയിലച്ചനും ചാത്തനാട്ടച്ചനും പ്രത്യേകം നന്ദി. ഞങ്ങളുടെ കൂടെ സമയം ചിലവഴിച്ച ആന്റോ കാരക്കാട്ട് അച്ചനും, ജിമ്മി അക്കാട്ടച്ചനും, ജോജൻ കുറിച്ചിക്കുന്നേൽ അച്ചനും, ബെന്നി അക്കൂട്ടച്ചനും, റിജോ മുണ്ടാണിശ്ശേരിൽ അച്ചനും മറ്റെല്ലാ അച്ചന്മാർക്കും നന്ദി.

താബോറിന്റെ രൂപാന്തരീകരണം അനുഭവിക്കുവാൻ ഇവിടെയായിരിക്കുന്ന ഞങ്ങൾക്കായി പ്രർത്ഥിക്കണേ.

NB: വെള്ളപ്പൊക്കത്താൽ കഷ്ടതയനുഭവിച്ച്, കനത്ത മഴയിൽ വലഞ്ഞ് Present Status ൽ കഷ്ടകാലത്തിലായിരിക്കുന്ന എല്ലാ ആശ്രമങ്ങൾക്കും ഞങ്ങളുടെ പ്രാർത്ഥന വാഗ്ദാനം ചെയ്യുന്നു

# ഗുരുപഥത്തിൽ

**ക്രിസ്തുവിനെ തേടി**

"ഹാ! ഞാൻ അനുഭവിച്ച സകല കഷ്ടതകൾക്കും എനിക്ക് പ്രതിഫലം കിട്ടി ഇതെല്ലാം അനശ്വരമത്രേ"വി. കൊച്ചുത്രേസ്യായുടെ ഈ വാക്കുകളാണ് മെയ് 16-ാം തിയ്യതി ചാത്തമുണ്ട നവസന്യാസ ഭവനത്തിലെത്തിയ 9 നവസന്യാസികളുടെയും അധരങ്ങളിൽ നിറഞ്ഞു നിന്നിരുന്നത്. കോതമംഗലം മൈനർ സെമിനാരിയിൽ നിന്ന് 5 അർത്ഥികളും ഇരിക്കൂർ മൈനർ സെമിനാരിയിൽ നിന്നുവന്ന 4 അർത്ഥികളും അഞ്ച് ദിവസത്തെ ധ്യാനത്തിനുശേഷം രാവിലെ 8 മണിയോടെ ഭവനത്തിൽ എത്തി. St. Joseph, St. Thomas പ്രൊവിൻസുകളുടെ പ്രൊവിൻഷ്യൾ അച്ചൻമാരുടെയും കോതമംഗലം, ഇരിക്കൂർ മൈനർ സെമിനാരി റെക്ടർമാരുടെയും നേതൃത്വത്തിൽ നവസന്ന്യാസികളെ നവസന്ന്യാസത്തിൽ പ്രവേശിപ്പിക്കുകയും വി.ബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

**തീക്ഷ്ണതയും ഊർജ്ജവുമായി**

ഒരു മാസത്തെ നവസന്യാസ ജീവിതയാത്രയിൽ ധ്യാനത്തിന്റെയും പ്രാർത്ഥനയുടെയും അന്തരീക്ഷത്തിൽ നവസന്യാസികളുടെ പ്രേഷിത തീക്ഷ്ണതയെ ഉണർത്തുവാൻ ഫെബിൻ പുതുമന അച്ചന്റെയും, വിപിൻ തുരുത്തിയിലച്ചന്റെയും സന്ദർശനങ്ങൾക്ക് സാധിച്ചു. നവസന്യാസികൾക്ക് പലഹാരത്തിനുള്ളിൽ സ്നേഹം നിറച്ചുകൊണ്ടുള്ള വിപിൻ എലിക്കോട്ടച്ചന്റെ സന്ദർശനം പുതിയ ഉണർവായി തീർന്നു. നോവിഷ്യറ്റിന്റെ പ്രഥമപാഠങ്ങളുമായി നവസന്യാസഗുരു നവസന്യാസികൾക്ക് ഊർജ്ജമേകുന്നതോടൊപ്പം ജിസ്മോനച്ചന്റെയും ബിനിലച്ചന്റെയും സാന്നിധ്യം നവസന്യാസഭവനത്തിന് കൂടുതൽ മാറ്റേകിക്കൊണ്ടിരിക്കുന്നു. ദിനം തോറും സായാഹ്നത്തിൽ മാസ്റ്ററച്ചന്റെ കൂടെയിരുന്നുകൊണ്ടുള്ള ഒരു മണിക്കൂർ ധ്യാനം വിളിച്ചവന്റെ സ്വരം കേൾക്കാനും വിളിച്ചവനെ പിൻചെല്ലാനുമുള്ള മന്ത്രങ്ങളായി മാറിയിരിക്കുന്നു.

**ആഴങ്ങൾ തേടി**

*'പ്രത്യാശയുടെ സാക്ഷ്യം' എന്ന പുസ്തകത്തിൽ ബിഷപ്പ് വാൻ തുവാൻ തന്റെ അനുഭവം വിവരിക്കുന്നത് ശ്രദ്ധേയമാണ്. വളരെ പ്രതീക്ഷയോടെ പൗരോഹിത്യം സ്വീകരിച്ച് അദ്ദേഹം ബിഷപ്പായി*

*അഭിഷിക്തനായി. രൂപതയെ വളർച്ചയിലേയ്ക്ക് നയിക്കാനും നവീകരണ പ്രവർത്തനങ്ങളിലൂടെ പടുത്തുയർത്താനും അദ്ദേഹം അനേകം പദ്ധതികൾ രൂപീകരിച്ചു.ഈ അവസരത്തിലാണ് നാസിപടയാളികൾ അദ്ദേഹത്തെ പിടിച്ചുകൊണ്ടുപോകുന്നത്.*

*തടവറയിലെ കഷ്ടതനിറഞ്ഞ ജീവിതത്തിനിടയിൽ അദ്ദേഹം ഇങ്ങനെ ചിന്തിച്ചു. "അല്ലയോ ദൈവമേ, ഞാൻ ഇവിടെക്കിടന്നാൽ, ഞാൻ രൂപീകരിച്ച പദ്ധതികളും വികസനപ്രവർത്തനങ്ങളും വെറുതെ ആയിപ്പോകുമല്ലോ" കാരണം അനേകം നല്ല കാര്യങ്ങൾ അല്മായർക്കും യുവജങ്ങൾക്കും സമൂഹത്തിനും വേണ്ടി അദ്ദേഹം ക്രമീകരിച്ചിരുന്നു. ഈ ചിന്തകൾ അദ്ദേഹത്തിന്റെ മനസ്സിനെ അസ്വസ്ഥനാക്കി. ഉറക്കം നഷ്ടപ്പെട്ട അദ്ദേഹം അസ്വസ്ഥതയോടെ നടക്കുമ്പോൾ ദൈവം അദ്ദേഹത്തോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. "വാൻ തുവാൻ, നീ എന്തിനാണ് അസ്വസ്ഥതപ്പെടുന്നത് ? നിന്നെതന്നെ പീഡിപ്പിക്കുന്നത് ? നീ തിരഞ്ഞെടുത്തിരിക്കുന്നത് ദൈവത്തെയാണോ, ദൈവത്തിന്റെ പ്രവൃത്തികളെയാണോ ? ഞാനാണ് നീന്നെ തിരഞ്ഞെടുത്തതെങ്കിൽ, മറ്റു വ്യക്തികളിലൂടെ നിന്നെക്കാൾ മനോഹരമായി എല്ലാ കാര്യങ്ങളും എനിക്ക് നിറവേറ്റാൻ പറ്റും. അതുകൊണ്ട് നീ എന്നെ (ദൈവത്തെ) പിൻ ചെല്ലുക".*

*ചെറുപുഷ്പ ആദ്ധ്യാത്മിക ചൈതന്യത്തിൽ വളർന്നുവന്ന ചെറുപുഷ്പസഭ, സഭാസ്ഥാപകനായ ബഹു. ബസീലിയൂസച്ചന്റെ പുണ്യജീവിതവും ദർശന സിദ്ധിയും സഭയിലെ വൈദികരുടെ സമർപ്പ ണവും കർമ്മോത്സുകതയും ദൈവസ്നേഹവും കൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്തു സ്നേഹത്തിന് സാക്ഷ്യം വഹിക്കുന്നു. ഈ ദൈവകാരുണ്യത്തിന് നന്ദി പറഞ്ഞ് ചെറുപുഷ്പസഭയുടെ സെന്റ് തോമസ് പ്രൊവിൻസ് തന്റെ രജതജൂബിലി നിറവിലൂടെ കടന്നുപോ കുന്നു. കാലത്തിനൊത്ത് സഭാംഗങ്ങളുടെ പ്രവർത്തനശൈലിയും മാറേണ്ടിയിരിക്കുന്നു എന്നത് അത്യന്താപേക്ഷിതം തന്നെ. കാലത്തി നൊത്ത് ഓടിയെത്താനുള്ള തിരക്കിനിടയിലും ഒരു ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്നത് നമ്മുടെ ഹൃദയത്തെ ജ്വലിപ്പിക്കും എന്നത് തീർച്ച - "ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് ദൈവത്തെയാണോ, ദൈവത്തിന്റെ പ്രവൃത്തികളെയാണോ "ആത്യന്തികമായി ദൈവമാണ് നമ്മെ തിരഞ്ഞെ ടുത്തിരിക്കുന്നതെങ്കിലും, സഭാകൂട്ടായ്മയിലുള്ള നമ്മുടെ ജീവിതം എപ്രകാരം ദൈവത്തോട് ചേർന്നു പോകുന്നു എന്നത് ശ്രദ്ധിക്കേണ്ട*

കാര്യമാണ്. അനന്തസാധ്യതകളുള്ള ആധുനിക കാലഘട്ടത്തിൽ, ദൈവപദ്ധതികൾക്ക് കാതോർക്കുക എന്നതാണ് പരമപ്രധാനമായ കാര്യം. നന്മചെയ്യുവാനല്ല ദൈവഹിതം നിറവേറ്റാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത് എന്ന സത്യം മറന്നുപോകരുത്. ചെയ്യേണ്ട നന്മകൾ ചെയ്ത്, ദൈവസ്നേഹത്തിന്റെ സാന്നിദ്ധ്യമാകാൻ നമുക്ക് കഴിയുന്നുണ്ടോ? ആയിരിക്കുന്ന സമൂഹത്തിൽ, കണ്ടുമുട്ടുന്ന വ്യക്തികളിൽ, കടന്നുപോകുന്ന സാഹചര്യങ്ങളിൽ മറ്റൊരു ക്രിസ്തുവായി ജീവിക്കുവാൻ, ഇനിയും ഞാൻ എന്നെത്തന്നെ എളിമപ്പെടുത്തേണ്ടിയിരിക്കുന്നു.

ഇന്നത്തെ കാലഘട്ടത്തിൽ എല്ലാവരും നന്നായി Perform ചെയ്യാൻ ശ്രദ്ധിക്കുന്നവരാണ്. തങ്ങളുടെ ഭാഗം മറ്റുള്ളവരുടെ മുൻപിൽ അഭിനയിക്കുന്നു. പക്ഷേ എന്താണ് നമ്മുടെ ജീവിതത്തെ നയിക്കുന്ന ശക്തി? (Our being that matters) ആളും അരങ്ങും ഒഴിഞ്ഞ് തനിച്ചായിരിക്കുമ്പോൾ ദൈവസ്നേഹത്തിന്റെ കണിക എന്നിൽ അവശേഷിക്കുന്നുണ്ടോ? ഹായ് പറയുന്നു, കൂടെ ചിരിക്കുന്നു, ഒന്നിച്ചു ഭക്ഷിക്കുന്നു, യാത്ര ചെയ്യുന്നു, ഇതിനെല്ലാം ശേഷം ആത്മാർത്ഥമായ സ്നേഹവും കരുതലും എന്നിൽ അവശേഷിക്കുന്നുണ്ടോ? ഒറ്റിക്കൊടുക്കുന്നവനെ ചേർത്തുപിടിക്കാനും തള്ളിപ്പറഞ്ഞവനെ ചേർത്തണയ്ക്കാനും തയ്യാറായ ക്രിസ്തു ചൈതന്യത്തിലേയ്ക്കല്ലേ ആദ്യം നമ്മുടെ ചക്രവാളങ്ങൾ തുറക്കേണ്ടത്? ചോദ്യം വീണ്ടും അവശേഷിക്കുന്നു. സ്നേഹത്തിന്റെ പ്രവൃത്തികൾ വർദ്ധിപ്പിക്കുവാൻ തിരക്കു കൂട്ടുന്നതിനിടയിൽ, നീയും ക്രിസ്തുവും തമ്മിലുള്ള അകലം...!!! നീയും നിന്റെ പ്രപഞ്ചവും തമ്മിലുള്ള അകലം...!!! ഈ അടിസ്ഥാനം കണ്ടെത്താനുള്ള വഴിയൊരുക്കപ്പെടലാണ് ഈ ജൂബിലി വർഷം. ബൈബിളിലുടനീളം കാണുന്ന ഒരു വാക്യം ഉണ്ട്. "കർത്താവിന്റെ കരം അവനോട് കൂടെ ഉണ്ടായിരുന്നു. (1Kings 18:46, LK 1:66) ചങ്കിൽ കർത്താവിന്റെ കയ്യൊപ്പോടും സ്നേഹത്തോടും കൂടി ദൈവകാരുണ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി നമുക്ക് ഈ ജൂബിലി വർഷത്തിൽ തയ്യാറാകാം. എന്തൊക്കെ കേട്ടാലും എത്രയൊക്കെ അറിഞ്ഞാലും ആരൊക്കെ പറഞ്ഞാലും ഞാൻ അണുവിട മാറില്ല എന്നുള്ള പിടിവാശി ഉപേക്ഷിച്ച് ദൈവസ്നേഹത്തിന്റെ ആഴങ്ങൾത്തേടി നമുക്കും യാത്രയാകാം. ഈ യാത്രയിൽ നിന്റെ പദ്ധതികളല്ല, ദൈവത്തിന്റെ പ്രവൃത്തികൾ നിന്നിലൂടെ പൂർത്തീകരിക്കപ്പെടട്ടെ. കൂട്ടായ പ്രവർത്തനങ്ങൾക്കും ശുദ്ധതനിറഞ്ഞ ജീവിതത്തിനും കൃപനിറഞ്ഞ സാന്നിധ്യത്തിനും ഈ യാത്ര നമ്മെ സഹായിക്കട്ടെ... പോകാം... പ്രഘോഷിക്കാം. ക്രിസ്തു സ്നേഹത്തിന്റെ വിശുദ്ധ നിമിഷങ്ങളിൽ,

*ബലിക്കല്ലിൽ നിന്റെ ജീവിതം അഗ്നിശുദ്ധി വരുത്തി സ്നേഹത്തിന്റെ ചക്രവാളങ്ങൾത്തേടി ഒരു മനമോടെ കുരിശിൻ ചുവട്ടിൽ അണിചേരാൻ ദൈവം നമ്മെ സഹായിക്കട്ടെ.*

- ഫാ. ജോബി ഇടത്താഴെ CST

# കണ്ണിക്കളം ആശ്രമം

**ക്ലിക്ക്ഡ്**

ഇനി മുതൽ നവജ്യോതി കോളേജിനെക്കുറിച്ചുള്ള വിവരങ്ങൾ ലോകത്തെവിടെ നിന്നും ഒറ്റ ക്ലിക്കിൽ അറിയാൻ സാധിക്കും. കോളേജിന്റെ നവീകരിച്ച വെബ്സൈറ്റ് ബഹു. പ്രൊവിൻഷ്യൾ ജോബി ഇടമുറിയിലച്ചൻ ജൂൺ 13-ാം തിയ്യതി ഉദ്ഘാടനം ചെയ്തു. എഡ്യൂക്കേഷൻ സെക്രട്ടറി ജോസഫ് ചാത്തനാട്ട്, മാനേജർ അബ്രാഹം കൊറ്റനല്ലൂർ, ഡയറക്ടർ സിബി ഈഴ്യലേൽ, വൈസ് പ്രിൻസിപ്പാൾ ജോബി കൊച്ചുപുരയിൽ എന്നീ അച്ചൻമാരും പ്രിൻസിപ്പാൾ ഷാജി സാറും ആശംസകൾ നേർന്നു സംസാരിച്ചു.

**പരിസ്ഥിതി മെച്ചപ്പെടുത്താൻ**

പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി ജൂൺ 5-ാം തിയ്യതി കോളേജിലെ എല്ലാ ഡിപ്പാർട്ടുമെന്റുകളും ക്യാംമ്പസിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും പരിസ്ഥിതിയുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ തങ്ങൾ ശ്രദ്ധാലുക്കളായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്തു.

**സീനിയേഴ്സ് Back To College**

മധ്യവേനലവധിയുടെ ആഘോഷങ്ങൾക്കുശേഷം വിജ്ഞാനത്തിന്റെ നവജ്യോതിസ്സുകൾ ഏറ്റുവാങ്ങുവാൻ രണ്ടും മൂന്നും വർഷ വിദ്യാർത്ഥികൾ കോളേജിലേക്ക് ജൂൺ 5-ാം തിയ്യതി തിരികെ ചേക്കേറിയിരിക്കുന്നു.

**വിജയ "ചരിത്രം" എഴുതാൻ**

കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിലെ ചരിത്രവിഭാഗം HOD ആയിരുന്ന ഷാജി തെക്കേമറ്റം സാർ നവജ്യോതി കോളേജിൽ പുതിയ പ്രിൻസിപ്പാളായി ചാർജ്ജെടുത്തിരിക്കുന്നു. വിജയത്തിന്റെ സുവർണ്ണ "ചരിത്രം" എഴുതാൻ "ചരിത്രം" അദ്ധ്യാപകനായ ഷാജി സാറിന് സാധിക്കട്ടെ.

### “നിപ്പ”യെ “കിടപ്പാ”ക്കാൻ

നിപ്പ പോലുള്ള രോഗങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം എന്ന സന്ദേശവുമായി നവജ്യോതി കോളേജിന്റെയും, ചെറുപുഴ ഗ്രാമപഞ്ചായത്ത്, പ്രാഥമികാരോഗ്യകേന്ദ്രം പുളിങ്ങോം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ബോധവത്ക്കരണ യാത്ര നടത്തി. കോളേജിലെ വിദ്യാർത്ഥികൾ നാലോളം സ്ഥലങ്ങളിൽ ഫ്ളാഷ് മോബ് അവതരിപ്പിച്ച് ഏവരുടെയും ശ്രദ്ധാകേന്ദ്രമായി.

### കോൾഫ് (Children of Little Flower)

കോളേജിന്റെ നേതൃത്വത്തിൽ നിർദ്ധനരായ 35 വിദ്യാർത്ഥികൾക്ക് മെയ് 28-ാം തിയ്യതി പഠനസഹായം നൽകി. പയ്യന്നൂർ ബ്ലോക്ക് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. എം.പി.പി. നൂറുദ്ദിൻ ഉദ്ഘാടനം നിർവ്വഹിച്ച യോഗത്തിൽ ഫാ. ജോസഫ് കരിനാട്ട് (വികാരി. കോലുവള്ളി) ശ്രീ. മനോജ് വടക്കൻ (പഞ്ചായത്ത് മെമ്പർ) ഫാദേഴ്സ് അബ്രഹാം കൊറ്റനല്ലൂർ, സിബി ഈയ്യലേൽ, ജോബി കൊച്ചുപുരയിൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

### കരിയർ ഗൈഡൻസ്

നവജ്യോതി കോളേജ് എൻ.എസ്.എസ്. യൂണിറ്റും, ജെ.സി.ഐ പുളിങ്ങോമും സംയുക്തമായി കരിയർ ഗൈഡൻസ് സെമിനാർ സംഘടിപ്പിച്ചു. പ്രശസ്ത കരിയർ ഗുരു ഡോ. ആർ. വെങ്കിട്ടരാമൻ നേതൃത്വം നൽകിയ സെമിനാറിൽ ധാരാളം കുട്ടികൾ പങ്കെടുത്തു.

### നവജ്യോതി വേൾഡ് കപ്പ് 2018

ഫുട്ബോൾ പ്രേമികളായ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പ്രവചനമത്സരവും അച്ചന്മാരും, അധ്യാപകരും, വിദ്യാർത്ഥികളും അടങ്ങുന്ന ഫ്രാൻസ്, അർജന്റീന, ജർമ്മനി, ബ്രസീൽ, പോർച്ചുഗൽ, സ്പെയിൻ, ഈജിപ്ത് തുടങ്ങിയ 6 ടീമുകൾ രൂപീകരിച്ച് മത്സരങ്ങൾ ആരംഭിച്ചിരിക്കുന്നു.

### നവജ്യോതിക്ക് വീണ്ടും റാങ്കിന്റെ “മഹിമ”

എം.കോം ഫിനാൻസ് വിദ്യാർത്ഥിനിയായ “മഹിമ” ബോബനാണ് ഇത്തവണ റാങ്കിന്റെ “മഹിമ” നവജ്യോതി കോളേജിലെത്തിച്ചത്. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്നും രണ്ടാം റാങ്ക് കരസ്ഥമാക്കിയ മഹിമ ബോബന് നവജ്യോതി കുടുംബത്തിന്റെ അനുമോദനങ്ങൾ.

### മിഷൻ പോസിബിൾ

നവജ്യോതി ആശ്രമത്തിന്റെ പ്രൊക്യുറേറ്ററായി സ്തുത്യർഹമായ

സേവനം കാഴ്ചവച്ച ഫാ. ബിജോ മാങ്കൂട്ടത്തിൽ നമ്മുടെ പ്രൊവിൻസിന്റെ പുതിയ മിഷനിലേക്ക് യാത്രയാകുന്നു. നവജ്യോതി ഫാമിലി അച്ചന് ഹൃദയം നിറഞ്ഞ നന്ദിയും വിജയാശംസകളും നേരുന്നു.

**ദ ഗ്രേറ്റ് ഫാദേഴ്സ്**

നവജ്യോതി ആശ്രമത്തിന്റെ പുതിയ സുപ്പീരിയറും, കോളേജിന്റെ മാനേജരുമായി കർമ്മോത്സുകനായ റവ. ഡോ. അബ്രാഹം കൊറ്റനല്ലൂരച്ചനും യുവത്വത്തിന്റെ പ്രസരിപ്പുമായി ഫാ. ഫ്രാങ്കോ ചാലിൽ കോളേജിന്റെ ബർസാറായും, ഫാ. ആന്റോ ചാലയ്ക്കൽ സ്റ്റാഫായും സ്ഥാനം ഏറ്റെടുത്തിരിക്കുന്നു. ഇതിനകം തന്നെ കുട്ടികൾക്കിടയിൽ ഇവർ "ഗ്രേറ്റ് ഫാദേഴ്സ്" ആയി മാറിയിരിക്കുന്നു. മൂന്നുപേർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

# കോട്ടൂർ വാർത്തകൾ

**പുതുമുഖങ്ങൾ**

കോട്ടൂർ സെന്റ് തോമസ് ആശ്രമത്തിലേക്ക് പുതുതായി അംഗങ്ങളായി എത്തിയ പ്രിയ ജോൺ കൊച്ചുപുരയ്ക്കലച്ചനും, ജെയിംസ് വാളിമലയിലച്ചനും, സന്തോഷ് ചാരംതൊട്ടിയിലച്ചനും, ജെയ്സൺ ഇഞ്ചത്താനത്തച്ചനും അവരുടെ പ്രവർത്തനമേഖലകളിൽ എല്ലാവിധ ആശംസകളും നേരുന്നു.

**നന്ദി... നന്ദി**

സ്തുത്യർഹമായ ഒൻപത് വർഷത്തെ സേവനത്തിനുശേഷം പ്രൊവിൻഷ്യൾ ഹൗസിലേക്ക് സ്ഥലം മാറിപ്പോയ പ്രിയപ്പെട്ട ചാത്തനാട്ട് അച്ചനും പാലിയേറ്റീവ് കെയറിന്റെ സുഗമമായ നടത്തിപ്പിനായി സമരിറ്റൻ ഹോമിലേക്ക് മാറിയ പ്രിയപ്പെട്ട ബിനുവച്ചനും പഠനത്തിനായി പോകുന്ന റിജോ കാരിക്കാട്ടച്ചനും കഴിഞ്ഞ വർഷങ്ങളിൽ നൽകിയ എല്ലാ സ്നേഹത്തിനും കരുതലിനും സേവനത്തിനും നന്ദി പറയുന്നു.

**പുതുവഴിയെ...**

ITI യിൽ അഡ്മിഷൻ തുടർന്നുകൊണ്ടിരിക്കുന്നു. ITI യുടെ മുഖച്ഛായ മാറ്റുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ പുരോഗമിക്കുന്നു. ശ്രീകണ്ഠപുരം മുൻസിപ്പാലിറ്റിയുമായി ചേർന്ന് പുതിയ NUML- Accounting Tally പുതിയ Short Term Course ആരംഭിച്ചിട്ടുണ്ട്. അതുപോലെ തന്നെ Godrej കമ്പനിയുമായി കൈകോർത്ത് AC Mechanic

ന്റെ ഒരു പുതിയ Course ഉടൻ ആരംഭിക്കുന്നു. അതിന്റെ ഔപചാരിക ഉദ്ഘാടനം ബഹു. മാർ ജോസഫ് പാംപ്ലാനി പിതാവ് ജൂൺ 26-നു നിർവ്വഹിക്കുന്നു. ITI യെ ഉയരങ്ങളിലെത്തിക്കാൻ മെൽജോ അച്ചന് അനുഗ്രഹങ്ങൾ ആശംസിക്കുന്നു.

ബാലഭവനിൽ ഈ വർഷം മുതൽ നമുക്ക് നേരിട്ട് കുട്ടികളെ എടുക്കാനുള്ള നിയമ തടസ്സങ്ങളുള്ളതുകൊണ്ടും JJ Act-ലെ നിയമ സാധ്യതയുടെ അവ്യക്തതകൾ നിലനിൽക്കുന്നതിനാലും നമ്മുടെ ബാലഭവന്റെ പ്രവർത്തനങ്ങൾ താൽകാലികമായ നിർത്തിയിരിക്കുക യാണ്.

**പ്രതീക്ഷകളോടെ കുരുന്നുകൾ...**

പുത്തൻ പ്രതീക്ഷകളോടെ Little Flower School ലേക്ക് നൂറോളം കുരുന്നുകൾ LKG യിലേക്ക് പ്രവേശിച്ചു. സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. Kinder Garden പ്രവർത്തനം ബാലഭവനിലേക്ക് മാറ്റുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സ്കൂളിന്റെ Front ഓഫീസിന്റെ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നു. സ്കൂളിന്റെ പ്രവർത്തനങ്ങ ൾക്ക് നേതൃത്വം നൽകുന്ന ഷിനുവച്ചനും ജെയ്സനച്ചനും ആശംസകൾ

**വികാരി പുലിയാണു ട്ടോ...**

സന്തോഷച്ചന്റെ ആത്മീയ നേതൃത്വത്തിൽ കോട്ടൂർ ഇടവകയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നു. കുട്ടികൾക്കായി M.S.M.I Sisters ന്റെ നേതൃത്വത്തിൽ അവധിക്കാല ധ്യാനവും മുതിർന്നവർക്കായി തിരുവനന്തപുരത്തുനിന്നു വന്ന ജോജു ജോൺ സാറിന്റെ Renewal Hour ക്ലാസ്സും നടന്നു. അച്ചന് എല്ലാവിധ ആശംസകളും.

**സ്വപ്നങ്ങൾക്ക് ചിറകു നൽകാൻ...**

യുവ മനസ്സുകളുടെ സ്വപ്നങ്ങൾക്ക് ചിറകു നൽകാനായി ജോൺ കൊച്ചുപുരക്കലച്ചന്റെ നേതൃത്വത്തിൽ നവീന ആശയങ്ങളെ ഉൾചേർത്ത് Little Flower Institute For IELTS & OET നവീകരിച്ചു കൊണ്ടിരിക്കുകയാണ്. നവീകരിച്ച Website ഉം വ്യത്യസ്ഥതയാർന്ന പഠനരീതികളും ആവിഷ്ക്ക രിക്കുന്നതിനാൽ പുതുതായി കുട്ടികൾ നമ്മുടെ Institute ലേക്ക് വരുന്നു ണ്ട്. ജോണച്ചന് ആശംസകൾ.

**പോയതു പോയി...**

ശക്തമായ മഴയിലും കാറ്റിലും നമ്മുടെ ഒരുപാട് റബ്ബർ മരങ്ങൾ നിലംപറ്റി. ഒടിഞ്ഞു വീണ മരങ്ങൾ വെട്ടി വിറകാക്കുന്ന തിരക്കിലാണ്

ജെയിംസച്ചൻ. ആശ്രമത്തിന്റെ അന്നദാതാവായ ജെയിംസച്ചന് എല്ലാവിധ ആശംസകളും.

**Made in Germany...**

ജർമ്മനിയിൽ നിന്നും അവധിക്കായി നാട്ടിലെത്തിയ ജസ്റ്റിൻ ചക്കിയത്തച്ചനും ബിനീഷ് പള്ളത്തച്ചനും ആശ്രമം സന്ദർശിച്ചു. ജസ്റ്റിനച്ചനോടൊപ്പം ജർമ്മനിയിൽ നിന്നുമെത്തിയ Mrs. Uteയും മകൾ Johanna യും കേരളത്തിന്റെ 'ഹരിതയും പച്ചപ്പും' ആസ്വാദിച്ച് അവരുടെ അവധിക്കാലം ആഘോഷിക്കുന്നു.

ഏവർക്കും ദുക്റാന തിരുനാൾ ആശംസകൾ...

# കരൂർ സെയ്തികൾ

**പങ്ക് തന്തേ വന്താച്ച്...**

ആശ്രമത്തിന്റെ പ്രൊക്യുറേറ്ററും കരൂർ St. Antony's Church ന്റെ വികാരിയുമായി ബഹു. ജോസഫ് കൈതക്കുളത്തച്ചൻ ചാർജ്ജെടുത്തു.

**വണക്കം നൻപർകളേ...**

നമ്മുടെ സ്കൂളിന്റെ മുൻപിൽ സന്ദർശകരെ സ്വീകരിക്കാനായി ഒരു Reception നും സന്ദർശന മുറിയും പണികഴിപ്പിച്ചു.

**പള്ളി വാഹനം വന്താച്ച്...**

നമ്മുടെ സ്കൂളിലെ Students ന്റെ എണ്ണവും യാത്ര സൗകര്യവും പരിഗണിച്ച് ഒരു School bus കൂടി വാങ്ങിച്ചു. അങ്ങനെ 13-ാം നമ്പർ ബസ് യാത്രയാരംഭിച്ചു.

**100% വെട്രി**

കഴിഞ്ഞ അദ്ധ്യായന വർഷത്തിൽ നമ്മുടെ സ്കൂളിൽ SSLC പരീക്ഷ എഴുതിയ 32 വിദ്യാർത്ഥികളും മികച്ച വിജയം കൈവരിച്ചു. 20 Distinction ഉം 12 First Class ഉം ചേർന്നതായിരുന്നു തിളക്കമാർന്ന വിജയം.

**പുതു കൽവി ആണ്ട്...**

June 1-ാം തിയ്യതി പുതിയ അദ്ധ്യായന വർഷം ആരംഭിച്ചു. 240 പുതിയ കുട്ടികളും 20 പുതിയ Staff ഉം ഈ വർഷത്തിൽ സ്കൂളിന്റെ ഭാഗമാകുന്നു. ഇപ്പോൾ സ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണം 1000 കവിഞ്ഞു.

**സുട്രുസൂഴൽ ദിനം...**

പ്രകൃതി സംരക്ഷണത്തിന്റെ ആഹ്വാനവുമായി June 5-ാം തിയ്യതി സ്കൂളിൽ പ്രകൃതി സംരക്ഷണ ദിനമായി ആചരിച്ചു. അന്ന് സ്കൂൾ വിദ്യാർത്ഥികൾ കരൂർ അമരാവതി നദിയും സ്കൂൾ പരിസരവും വൃത്തിയാക്കുകയും സ്കൂൾ വളപ്പിൽ പച്ചക്കറി കൃഷി ആരംഭിക്കുകയും ചെയ്തു. അന്നേ ദിവസം National Green Corps ന്റെ കരൂർ ജില്ലാ കോഡിനേറ്റർ ശ്രീ. ജറാൾഡ് ആരോഗ്യരാജ് സെമിനാർ നയിച്ചു.

**മുതൽ പുനിത ഒരുമൈ...**

May 13-ാംതിയ്യതി ബഹു. ബിനു കിഴക്കേൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ഇടവക ദേവാലയത്തിൽ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം നടന്നു. ബഹു. സോജേഷ് പെരികിലക്കാട്ട് അച്ചനും, ബഹു. ജിനോ പൊങ്ങമ്പാറ അച്ചനും, ബഹു. ജോസഫ് കൈതക്കുളത്ത് അച്ചനും സഹകാർമ്മികർ ആയിരുന്നു.

**സാണി എരിവായു...**

ആശ്രമത്തിൽ പുതുതായി ഒരു ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ച് ഉപയോഗം ആരംഭിച്ചു.

**കായ് കറിത്തോട്ടം...**

ജൈവ പച്ചക്കറി ലക്ഷ്യമിട്ടുകൊണ്ട് ആശ്രമ വളപ്പിൽ വിവിധങ്ങളായ പച്ചക്കറികൾ കൃഷി ചെയ്യാൻ ആരംഭിച്ചു.

**നട്പു വിജയം...**

സ്നേഹാന്വേഷണങ്ങളുമായി ജോസഫ് പുതിയത്ത് അച്ചനും, സിജോയി കരിങ്ങാലിച്ചിറ അച്ചനും ജിജോ കോണിക്കൽ അച്ചനും രാമനാഥപുരം കത്ത്രീഡ്രൽ വികാരി ബഹു. ജോൺസൺ വീപ്പാട്ട് പറമ്പിൽ അച്ചനും അന്റോ ചുങ്കത്ത് അച്ചനും ആശ്രമം സന്ദർശിച്ചു.

# കൈതപ്പൊയിൽ വാർത്തകൾ

**സ്വാഗതം സുസ്വാഗതം ...**

മൂന്ന് വർഷത്തെ ഇടവേളയ്ക്ക് ശേഷം ബഹു. ജോസ് മേലേട്ടുകൊച്ചിയിലച്ചൻ സാൻജോ ഭവൻ സുപ്പീരിയറായും ലിസ്സാ കോളേജ് ഡയറക്ടറായും ചുമതലയേറ്റു. മൂന്ന് മാസത്തെ Pastoral Work നായി അച്ചൻ അമേരിക്കയിലാണ്. അച്ചന് എല്ലാവിധ നന്മകളും ആശംസകളും നേരുന്നു.

## College Day

ഈ വർഷത്തെ College Day കുട്ടികൾ വളരെ വ്യത്യസ്തമായ രീതിയിലാണ് ആഘോഷിച്ചത്. പതിവിൽ നിന്ന് വിപരീതമായി സിനിമാതാരങ്ങളെ വിളിക്കുന്നതിന് പകരം പുതുപ്പാടി പഞ്ചായത്തിലെ മൂന്ന് സ്കൂളിലെ Library യിലേക്ക് പുസ്തകങ്ങളും പഠനോപകരണങ്ങളും വിതരണം ചെയ്ത് ഈ ദിനത്തെ അവിസ്മരണീയമാക്കി...

**അവർക്കൊപ്പം അവരോട് തോൾ ചേർന്ന് ...**

പുതുപ്പാടി പഞ്ചായത്തിലെ വികലാംഗരുടെ കൂട്ടായ്മ Lissah ൽ വെച്ച് നടത്തപ്പെട്ടു. ജില്ലാ കളക്ടറുടെ "Of Kerala" എന്ന സാമൂഹ്യക്ഷേമ പദ്ധതിയുടെ ഭാഗമായാണ് ഇത് നടത്തപ്പെട്ടത്. കളക്ടർ സന്നിഹിതനായ ചടങ്ങിൽ Wheel chair, Walker തുടങ്ങിയ സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു. കോഴിക്കോട് ജില്ലയിലെ നിർധനരായ രോഗം ബാധിച്ച വിദ്യാർത്ഥികൾക്ക് ലിസ്സാ കോളേജ് എല്ലാ വർഷവും സാമ്പത്തിക സഹായം നൽകി വരുന്നു. ഇവരുടെ ഒരു സ്നേഹ സംഗമം കോളേജിൽ വെച്ച് നടത്തപ്പെട്ടു. ഈ രണ്ട് പദ്ധതികൾക്കും സാമ്പത്തിക സഹായം നൽകിയത് ബഹു. ബിജു തോംപുന്നയിലച്ചനാണ്. അച്ചനെ നന്ദിയോടെ ഓർക്കുന്നു.

**അംഗീകാര നിറവിൽ ...**

വിദ്യാഭ്യാസരംഗത്തെ സമഗ്ര സംഭാവനക്കുള്ള Deepika Education Excellence അവാർഡിന് ബഹുമാനപ്പെട്ട ജോസ് മേലേട്ടുകൊച്ചിയിലച്ചൻ അർഹനായി. അച്ചന് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

Indo Arab Federation കലാലയങ്ങളിലെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനുള്ള ഈ വർഷത്തെ സേവന ശ്രേഷ്ഠ അവാർഡ് Lissah College കരസ്ഥമാക്കി.

**സ്നേഹചക്രവാളം വിശാലമാക്കി ...**

ജൂബിലി വർഷത്തിന്റെ അരൂപിയും തീഷ്ണതയും ഉൾക്കൊണ്ട് സാൻജോ ഭവനിൽ അടുക്കളയിൽ ജോലി ചെയ്യുന്ന വൽസചേച്ചിയുടെ വീട് തേച്ച് ടൈയിൽസ് ഇട്ട് നൽകി.

# കരിമാനി വാർത്തകൾ

**പുതിയ തീരങ്ങളിലേക്ക്...**

കഴിഞ്ഞ 3 വർഷക്കാലം ആശ്രമ സുപ്പീരിയറായി സേവനം ചെയ്ത ബഹു. ജോസഫ് പവ്വംകുളം അച്ചൻ വേലൂർ ലിസ്യൂ ആശ്രമ

ത്തിന്റെ സുപ്പീരിയറായി നിയമിതനായി. കരിമാനി ആശ്രമത്തിലും ഇടവകയിലും സമീപ ഇടവകകളിലും ഒരു പിതാവിന്റെ വാത്സല്യത്തോടെ ശുശ്രൂഷ ചെയ്ത അച്ചനെ ഏറെ സ്നേഹത്തോടും നന്ദിയോടും കൂടി പുതിയ ശുശ്രൂഷ മേഖലയിലേക്ക് യാത്രയാക്കി. ഏപ്രിൽ 24-ാം തിയ്യതി അച്ചൻ വേലൂർക്ക് പോയി.

**പ്രവാചക തീക്ഷ്ണതയോടെ...**

ഫാ. റ്റിനോ പാമ്പയ്ക്കൽ പുതുചൈതന്യത്തോടെ കരിമാനി ക്രിസ്തുനികേതൻ ആശ്രമത്തിന്റെ പ്രൊക്യൂറേറ്ററും വാം ടീ ഫാക്ടറിയുടെ അസിസ്റ്റന്റ് ജനറൽ മാനേജറുമായി നിയമിതനാവുകയും ഏപ്രിൽ 21 ന് എത്തിച്ചേരുകയും ചെയ്തു. തേയിലത്തോട്ടവും ഫാക്ടറിയും അച്ചന്റെ പുതിയ പ്രവർത്തന മേഖലകളാണെങ്കിലും കൈതപ്പൊയിൽ ലിസാ കോളേജിലും അച്ചൻ സ്റ്റാഫ് ആയി പ്രവർത്തിക്കും. അച്ചന് എല്ലാ വിജയങ്ങളും നേരുന്നു.

**അഭിഷേകത്തോടെ**

സെന്റ് തോമസ് പ്രൊവിൻസിലെ നവവൈദികരായ ഫാ. ജോൺ പയ്യമ്പള്ളി, ഫാ. റ്റിനോ പാമ്പയ്ക്കൽ, ഫാ. റിജോ മുണ്ടാണിശ്ശേരിൽ, ഫാ. ഫ്രാങ്കോ ചാലിൽ, ഫാ. എബിൻ ഓരത്തേൽ എന്നിവർ ആശ്രമത്തിൽ വരുകയും ഇടവകയിൽ ഏപ്രിൽ 22 ന് വി. ഗീവർഗ്ഗീസ് സഹദായുടെ തിരുനാളിൽ ആഘോഷമായ വി. ബലി അർപ്പിക്കുകയും തിരുനാൾ സന്ദേശം നൽകുകയും ചെയ്തു. തീക്ഷ്ണതമതികളായ ഈ നവവൈദികരെ അനുമോദിക്കുകയും നന്മകൾ നേരുകയും ചെയ്യുന്നു.

**പുതു ദൗത്യവുമായി**

ഫാ. ജിൽസ് ഞവരക്കാട്ട് ആശ്രമ സുപ്പീരിയറായും ഇടവക വികാരിയായും ഫാ. ജോഷി വാളിപ്ലാക്കൽ ആശ്രമത്തിന്റെ അസി. സുപ്പീരിയറായും വാം ടീം ഫാക്ടറിയുടെ ജനറൽ മാനേജർ ആയും നിയമിതരായി. അച്ചൻമാർക്ക് നന്മകൾ നേരുന്നു.

**അജഗണത്തിന്റെ വളർച്ചയ്ക്കായി**

കരിമാനി ഉണ്ണിയീശോ ഇടവക വളർച്ചയിലാണ്. ഇടവകയുടെ പുതിയ കുരിശടിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സൺഡേ സ്കൂളിന്റെ ഉപയോഗത്തിനായി പുതിയ ഡസ്ക്കുകളും ബഞ്ചുകളും ഉണ്ടാക്കി. കരിമാനി മിഷൻ ലീഗ് ശാഖ മേഖലയിലെ ഏറ്റവും നല്ല ശാഖയായും രൂപതയിലെ Best ശാഖകളിൽ ഒന്നായും തിരഞ്ഞെടുക്കപ്പെട്ടു.

**കടുപ്പം കൂട്ടാൻ**

ബഹു. ജോഷിയച്ചന്റെ നേതൃത്വത്തിൽ വാം ടീ ഫാക്ടറി അതിന്റെ വളർച്ചയുടെ പാതയിലാണ് ആവശ്യമായ അറ്റകുറ്റപണികൾ നടത്തി ഫാക്ടറി മോടി പിടിപ്പിച്ചു. ഇപ്പോൾ ആവശ്യത്തിന് തേയില കൊളുന്ത് ലഭിക്കുകയും ചെയ്യുന്നു.

## *സന്ന്യാസവിളി*

*സന്ന്യാസവിളിയുടെ പരമപ്രധാനവും ഏറ്റവും മഹത്തരവുമായ ലക്ഷ്യം ഒരു മിശിഹാ അനുഭവം സ്വന്തമാക്കലാണ്. സുവിശേഷത്തിലെ ക്രിസ്തുവിനെ അതിന്റെ പൂർണ്ണതയിൽ സ്വന്തമാക്കുമ്പോഴാണ് സന്ന്യാസം എനിക്ക് ആനന്ദവും സന്തോഷവും നൽകുന്നത് വ്രതത്രയങ്ങളിലൂടെയുള്ള അവന്റെ പ്രയാണത്തിൽ ക്രിസ്തു എന്ന പച്ച മനുഷ്യൻ അവന് ജീവനും വഴിക്കാട്ടിയുമാകുമ്പോഴാണ് അവൻ പൂർണ്ണത അനുഭവിക്കുക.*

*യഥാർത്ഥത്തിൽ ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ മൂന്ന് സന്ന്യാസമൂല്യങ്ങൾ യേശു വ്യക്തിത്വവും, യേശുവിന്റെ ജീവിതസത്തയുമായി കാണുമ്പോഴും ഈ മൂല്യങ്ങൾ സന്ന്യാസിയുടെ ജീവിതത്തിന്റെ ചൂണ്ടുപലകയുമായി കാണുമ്പോഴും സന്ന്യാസജീവിതം കൂടുതൽ പ്രകാശമാനമാകുന്നു. പിതാവായ ദൈവം തന്റെ പുത്രനെ ദരിദ്രനും, ബ്രഹ്മചാരിയും, അനുസരണമുള്ളവനായി സ്വയം താഴ്ത്തിയെങ്കിൽ, സ്വയം താഴ്ത്തപ്പെടുവാനും എളിമപ്പെടുവാനും ഓരോ സന്ന്യാസിയും കടപ്പെട്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്.*

*വൈവാഹിക ജീവിതമാണോ സന്ന്യാസ ജീവിതമാണോ ഏറ്റവും പ്രധാനം എന്ന ചോദ്യത്തിന് കൃത്യമായ ഉത്തരം നൽകുക പ്രയാസമാണ്. പക്ഷേ വിവാഹജീവിതം അതിന്റെ പൂർണ്ണതയിലും സന്തോഷത്തിലും സന്ന്യാസജീവിതം അതിന്റെ ആനന്ദത്തിലും മനോഹാരിതയിലും നയിക്കപ്പെടുമ്പോൾ രണ്ട് ജീവിതാവസ്ഥയ്ക്കും പൂർണ്ണ അർത്ഥം കൈവരുന്നുവെന്നതാണ് സത്യം.*

*ഓരോ സന്ന്യാസിയും തന്റെ ജീവിതത്തിൽ എന്നും ഓർത്തിരിക്കേണ്ട കാര്യം തന്റെ സന്ന്യാസ പൗരോഹിത്യ യാത്രയിൽ എന്നും സന്തോഷവും സംതൃപ്തിയും ഉള്ളവനായി പ്രശോഭിക്കുക എന്നതാണ്. ഇതാണ് ക്രിസ്തുവും നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നതും ആഗ്രഹിക്കുന്നതും.*

- Bro. Godwin Njallimackal CST

## വേലൂർ ന്യൂസ്

**വിട പറയുകയാണോ...**

ദീർഘകാലത്തെ സ്തുത്യർഹസേവനങ്ങൾക്കുശേഷം സുപ്പീരിയർ ആയിരുന്ന ജീവൻ തുണ്ടിയിലച്ചൻ ആലുവാ ലിറ്റിൽ ഫ്ളവർ മേജർ സെമിനാരിയിൽ പ്രൊക്യുറേറ്ററായും കിന്നരിപ്പൂക്കൾ ചീഫ് എഡിറ്ററായിരുന്ന എബിൻ എരുവേലിക്കുന്നേലച്ചൻ രാമനാഥപുരം കത്തീഡ്രലിന്റെ അസിസ്റ്റന്റ് വികാരിയായും നിയമിതരായി. വേലൂരിന്റെ കണ്ണിലുണ്ണികൾക്ക് പ്രാർത്ഥനാശംസകൾ.

**പൊളിക്ക് മച്ചാൻസ്...**

ആശ്രമത്തിന്റെ പുതിയ സുപ്പീരിയറായി ജോസഫ് പവ്വംകുളം അച്ചനും കിന്നരിയുടെ ചീഫ് എഡിറ്ററായി ഫാ. ദിലീപ് പാറടിയിലും റീജന്റ് ബ്രദറായി ജോമറ്റ് വെള്ളമറ്റത്തിലും ആശ്രമത്തിന്റെ സാരഥികളായി എത്തിച്ചേർന്നു.

**ജൂബിലിത്തിളക്കം**

വജ്ര ജൂബിലി നിറവിലായിരിക്കുന്ന അലോഷ്യസ് കൊണ്ടുക്കാലയിൽ അച്ചന്റെ ജൂബിലി ആഘോഷം മെയ് മാസം 17 ന് കോട്ടൂർ ആശ്രമ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. സഭാംഗങ്ങൾ എല്ലാവരും ആശംസകൾ നേർന്ന് പ്രാർത്ഥിച്ചു. ജൂബിലി നിറവിലായിരിക്കുന്ന അച്ചന് എല്ലാവിധ മംഗളങ്ങളും.

- മെയ് മാസത്തിലെ സോണൽ മാസധ്യാനം സഞ്ജീവനി ആശ്രമത്തിൽ വച്ച് നടത്തപ്പെട്ടു.
- ജനറലേറ്റിൽ വച്ച് നടന്ന ജനറൽ പ്ലീനറി അസംബ്ലിയിൽ അലോഷ്യസ് അച്ചൻ പങ്കെടുത്തു.
- ജൂൺ 21-ാം തിയ്യതി തൃശ്ശൂർ സോണിന്റെ മാസധ്യാനം വെട്ടിക്കാട്ടിരി ലിറ്റിൽ ഫ്ളവർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു. ബഹു. പ്രൊവിൻഷ്യാളച്ചനും ചാത്തനാട്ടച്ചനും സോണിലെ മറ്റ് അച്ചൻമാരും സന്നിഹിതരായിരുന്നു.
- അച്ചൻമാരും, ബ്രദറും മറ്റ് ഇടവകകളിൽ സഹായസന്നദ്ധരായി തങ്ങളുടെ അജപാലന ശുശ്രൂഷ ചെയ്യുന്നു.

**തത്സമയം കോളേജിൽ നിന്നും**

ലിസ്യൂ കോളേജിന്റെ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നു. അഡ്മിഷനും ആരംഭിച്ചു.

**നന്ദി ഒരു വാക്ക്**

ആശ്രമത്തിന്റെ ക്ഷേമാന്വേഷണം അറിയുന്നതിനായി എത്തിച്ചേർന്ന എല്ലാ വൈദീകർക്കും ബ്രദേഴ്സിനും നന്ദി...

# പാലക്കുഴി വാർത്തകൾ

**പുതിയ ശുശ്രൂഷാ രംഗത്തേക്ക്**

മൂന്ന് വർഷക്കാലം പുഷ്പഗിരി ആശ്രമാംഗമായിരുന്ന ജിമ്മി അക്കാട്ടച്ചൻ പാലക്കുഴി ഇടവകദേവാലയത്തിൽ വികാരിയായി പ്രശംസനീയമായ സേവനവും ശുശ്രൂഷയും കാഴ്ചവച്ചു. ഇടവകയും ആശ്രമവും ജിമ്മി അച്ചന് യാത്രയയപ്പ് നൽകി. പുതിയ കർമ്മരംഗത്ത് അച്ചന് ഈശ്വരാനുഗ്രഹങ്ങൾ നേരുന്നു.

**തീക്ഷ്ണതയുടെ പര്യായമായ പുതിയ വികാരി**

പാലക്കുഴിയുടെ പുതിയ ഇടയൻ നമ്മുടെ ഡിമിലച്ചൻ തുടക്കം മുതലേ എല്ലാവരുടെയും സ്നേഹവും സഹകരണവും നേടിക്കൊണ്ടിരിക്കുന്നു. അച്ചന് അനുഗ്രഹങ്ങൾ ഉണ്ടാകട്ടെ.

**ചെറുപുഴ വിട്ട് പാലക്കുഴിയിൽ**

ചെറുപുഴയിലെ വിവിധ ശുശ്രൂഷകൾക്കുശേഷം പുളിന്താനം അച്ചൻ പുഷ്പഗിരി ആശ്രമത്തിലെ സുപ്പീരിയറായി ചാർജ്ജെടുത്തു.

**അല്പം വിശ്രമം**

മഴക്കാലരോഗമായ ഡെങ്കിപ്പനി അജപാലന കാർഷികരംഗങ്ങളിൽ ഓടി നടന്ന് ശുശ്രൂഷ ചെയ്യുന്ന ജോണച്ചനേയും വെറുതെ വിട്ടില്ല. മൂന്ന് ദിവസത്തെ ഹോസ്പിറ്റൽ ചികിത്സക്കും വിശ്രമത്തിനും ശേഷം അച്ചൻ ആരോഗ്യവാനായി തിരിച്ചെത്തി.

**സുഖം പ്രാപിക്കുന്നു**

കുറച്ച് ദിവസങ്ങൾ തൃശ്ശൂർ അമല ആശുപത്രിയിൽ വിശ്രമിച്ചുകൊണ്ടിരുന്ന ബഹു. ജോർജ്ജ് കൊരട്ടിയിലച്ചൻ പൂർണ്ണ ആരോഗ്യം വീണ്ടെടുത്തുകൊണ്ടിരിക്കുന്നു. അച്ചനുവേണ്ടി പ്രാർത്ഥിച്ചവർക്കും അച്ചനെ സന്ദർശിച്ചവർക്കും നന്ദി.

**വിലപ്പെട്ട സഹായം**

ഏതാനും ദിവസങ്ങൾ ആശ്രമത്തിലായിരുന്ന് വിവിധ ശുശ്രൂഷകളിലൂടെ വിലപ്പെട്ട സേവനം കാഴ്ചവച്ച ബ്ര. ഷെബിൻ പന്തക്കലിന് ആയിരമായിരം നന്ദി.

നമ്മുടെ പ്രൊവിൻസിന്റെ മദ്ധ്യസ്ഥനായ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ അനുഗ്രഹങ്ങളും ആശംസകളും ഏവർക്കും നേരുന്നു.

## സമരിറ്റൻ ഹോം

ആശ്രമാംഗങ്ങളും സിസ്റ്റർമാരും സന്തോഷത്തോടെ ജീവിക്കുന്നു. മൂന്നുവർഷത്തെ തീക്ഷ്ണതനിറഞ്ഞ സേവനത്തിനുശേഷം ബഹു. ജെയിംസ് വാളിമലയിൽ അച്ചൻ കോട്ടൂർ ആശ്രമത്തിലേക്ക് സ്ഥലം മാറി പോയി. ജെയിംസ് അച്ചന്റെ പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനയും മംഗള ങ്ങളും നേരുന്നു...

Palliative Care Unit ന്റെ സെക്രട്ടറിയായി സോജനച്ചൻ ചാർജ്ജെ ടുത്തു. Pain & Palliative പ്രവർത്തനങ്ങൾക്ക് തോമസച്ചനെ സഹായി ക്കാൻ ബിനു അച്ചനും റിജോ അച്ചനും ആശ്രമത്തിൽ എത്തിച്ചേർന്നു. അവധിക്കാലത്ത് ആശ്രമാംഗങ്ങളെയും ഇവിടെയുള്ള എല്ലാവരെയും സന്ദർശിച്ച സഭാംഗങ്ങൾക്ക് നന്ദിയും പ്രാർത്ഥനകളും നേരുന്നു.

## സമരിറ്റൻ പാലിയേറ്റീവ് കെയർ സെന്റർ

“അടുത്ത ദിവസം സത്ര സൂക്ഷിപ്പുകാരന്റെ കൈയ്യിൽ രണ്ടു ദനാറ കൊടുത്തിട്ടു പറഞ്ഞു ഇവന്റെ കാര്യം നോക്കിക്കൊള്ളണം കൂടു തലായി എന്തെങ്കിലും ചിലവാകുന്നെങ്കിൽ ഞാൻ തിരിച്ചുവരുമ്പോൾ തന്നുകൊള്ളാം.”

ദിവസങ്ങൾക്കുശേഷം ആ സമറായൻ സത്രത്തിൽ തിരിച്ചെത്തി. ആ മുറിവേറ്റ മനുഷ്യൻ സമറായനോടു പറഞ്ഞു. “എന്തു മാത്രം മനുഷ്യരാണ് വഴിയരികിൽ മാത്രമല്ല ഭവനങ്ങളിലും ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായി മുറിവേറ്റു ജീവിക്കുന്നത്. നിങ്ങൾ എന്നെ സഹായിച്ചതുപോലെ അവരെയും നമുക്ക് സഹായിക്കണം”. ഇങ്ങനെ അവശരായി ഭവനങ്ങളിൽ കഴിയുന്നവരെ കണ്ടെത്തി, അവരെ സഹായിക്കാൻ, സാന്ത്വനപ്പെടുത്താൻ മുറിവുകളിൽ വീണ്ടും എണ്ണയും വീഞ്ഞും വച്ചുകെട്ടാൻ ‘സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ’ എന്ന സാന്ത്വന സ്പർശനത്തിന് ആരംഭം കുറിച്ചിരിക്കുന്നു. അതിന്റെ പ്രവർത്തനങ്ങൾ ക്രിസ്തുവാകുന്ന ആ നല്ല സമറായന്റെ കരം പിടിച്ച് നാം ആരംഭിക്കുന്നു.

തോമസച്ചനോടൊപ്പം ഇതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ബിനു അച്ചനും റിജോ അച്ചനും ആശ്രമത്തിൽ എത്തി ച്ചേർന്നു. ഇവിടെയുള്ള മേഴ്സി സിസ്റ്ററും വിനി സിസ്റ്ററും നല്ല

മനസ്സോടെ സേവനത്തിൽ മുന്നേറുന്നു. സഭാംഗങ്ങൾ എല്ലാവരുടെയും പ്രാർത്ഥനകളും സഹായങ്ങളും പ്രതീക്ഷിക്കുന്നു. നമ്മെ സഹായിക്കാൻ നല്ല മനസ്സുള്ള ഒരുപാട് ആളുകൾ മുന്നോട്ട് വരുന്നുണ്ട്. ഇതിനുള്ള സത്രത്തിന്റെ (പുതിയ കെട്ടിടത്തിന്റെ) നിർമ്മാണ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ മുന്നോട്ട് പോകുന്നു. വേദനിക്കുന്ന ആളുകളുടെ അടുത്തേക്ക് പോകാനും അവരെ സത്രത്തിൽ എത്തിക്കാനും നമുക്ക് ഒരു കഴുതയെ (Ambulance) ആവശ്യമുണ്ട്. ആവശ്യത്തിന് എണ്ണയും വീഞ്ഞും (Medical Kits) സത്രത്തിൽ അവശരെ മുകൾനിലകളിൽ എത്തിക്കാൻ Lift ആവശ്യമുണ്ട്. അവരുടെ ആരോഗ്യം മെച്ചപ്പെടുത്താൻ Physio Theraphy ഉപകരണങ്ങളും ആവശ്യമുണ്ട്.

ആഗസ്റ്റ് മാസം സമരിറ്റൻ പെയിൻ & പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ അതിന്റെ പൂർണ്ണതയിൽ ആരംഭിക്കും. ഇതിനായി ഭവനസന്ദർശനങ്ങൾ, സന്നദ്ധസേവകരെ കണ്ടെത്തൽ, സാമ്പത്തികവും ആദ്ധ്യാത്മികവുമായി സഹായിക്കുന്നവരെയും കണ്ടെത്താൻ പരിശ്രമിക്കുന്നു. ഒരു Medical സംഘത്തിന് രൂപം കൊടുക്കുന്നു.

നല്ല സമറായന്റെ യാത്ര തുടരുന്നു... "നീയും പോയി അതുപോലെ ചെയ്യാൻ" ആഹ്വാനം ചെയ്തു കൊണ്ട്...

## സാന്താമരിയാ ആശ്രമം വടുവൻചാൽ

1. സ്തുത്യർഹമായ സേവനം നടത്തി Sancta Maria ആശ്രമത്തിൽ നിന്നും പുതിയ കർമ്മ മണ്ഡലങ്ങളിലേക്കു യാത്രയായ ബഹു. ജോർജ്ജ് കല്ലടാന്തിയിലച്ചനും, സോജൻ പാലത്താനമച്ചനും നന്ദിയോടെ യാത്രയയപ്പ് നൽകി.
2. പാലക്കുഴി St. Thomas ഇടവകയിൽ നിന്നും വിജയപ്രദമായും ദൈവാനുഗ്രഹപ്രദമായും അജപാലന ശുശ്രൂഷ പൂർത്തിയാക്കി ബഹു. ജിമ്മി അക്കാട്ടച്ചൻ Sancta Maria ആശ്രമത്തിൽ Superior ആയി ചാർജ്ജ് ഏറ്റെടുത്തു. ആശ്രമാംഗങ്ങളായിരുന്ന ബഹു. മാത്യു വയലാമണ്ണിലച്ചനും, ബഹു. റിജോ മുണ്ടാണിശ്ശേരിയിലച്ചനും ജിമ്മിയച്ചനെ സ്വാഗതം ചെയ്തു.
3. മെയ് 26 ന് റിജോ മുണ്ടാണിശ്ശേരിയിലച്ചന്റെ ജന്മദിനവും ജൂൺ 13 ന് ബഹു. ജിമ്മിയച്ചന്റെ നാമഹേതുകതിരുനാളും ഒരുമിച്ച് ആഘോഷിച്ചു.
4. Sancta Maria ആശ്രമത്തിൽ വച്ച് ജൂൺ 6-ാം തിയ്യതി മാസധ്യാനവും സോണൽ മീറ്റിംങ്ങും നടത്തപ്പെട്ടു. ബഹു. Provincial അച്ചനും

കൗസിലേഴ്സായ ബഹു. ജോസഫ് ചാത്തനാട്ടച്ചനും, ബഹു. ജോർജ്ജ് നെല്ലിവേലിൽ അച്ചനും സഹിതം മുപ്പതോളം വൈദീകർ സന്നിഹിതരായിരുന്നു. ബഹു. ജിമ്മി അക്കാട്ടച്ചൻ "Gaudete et Exsultate" എന്ന ഫ്രാൻസീസ് പാപ്പയുടെ Exhortation നെ അടിസ്ഥാനപ്പെടുത്തി വിചിന്തനങ്ങൾ പങ്കുവെച്ച് ഒരുമിച്ച് അത്താഴം കഴിച്ച് എല്ലാവരും പിരിഞ്ഞു.

### Anugra Retreat Centre

1. അനുഗ്രഹധ്യാന കേന്ദ്രത്തിൽ 1003 മണി ജപമാലയും, തപസ് ധ്യാനവും, യുവജന ധ്യാനവും, അനുഗ്രഹ മീഡിയ മിനിസ്ട്രിയും നടത്തപ്പെടുന്നു.
2. ജൂൺമാസത്തിലെ താമസിച്ചുള്ള ധ്യാനം, നിപ്പ വൈറസ് പനി മൂലം കളക്ടറുടെ ഉത്തരവനുസരിച്ച് മാറ്റിവച്ചു. വെള്ളിയാഴ്ചകളിലെ ഏകദിന ധ്യാനം ദൈവാനുഗ്രഹപ്രദമായി നടത്തപ്പെടുന്നു.

# ശാന്തിഗ്രാം പെട്ടിക്കൽ

### നന്ദിയോടെ

3 വർഷക്കാലം ശാന്തിഗ്രാം ആശ്രമത്തിന്റെയും വയലൂർ ഇടവകയുടെയും എല്ലാമെല്ലാം ആയിരുന്ന ജിന്റോ അച്ചൻ ശുശ്രൂഷ മേഖലയായ നക്കുപതിയിലേക്ക് യാത്രയായി അച്ചന് നന്ദിയും ഭാവുകങ്ങളും നേരുന്നു.

### അണ്ണാച്ചി വന്താച്ച്

രാമനാഥപുരം രൂപതയിലെ ഒരു വർഷത്തെ ശുശ്രൂഷകൾക്കു ശേഷം വയലൂർ ഇടവകയുടെ പുതിയ വികാരിയും ശാന്തിഗ്രാം ആശ്രമത്തിന്റെ പ്രൊക്യുറേറ്ററുമായ് ജോഫിനച്ചൻ എത്തിച്ചേർന്നു.

### മൈ ബോസ്

ശാന്തിഗ്രാം ആശ്രമത്തിന്റെ സുപ്പീരിയറായി തോമസ് മുളങ്ങാട്ടിലച്ചൻ ചാർജ് എടുത്തു. അച്ചന് ഭാവുകങ്ങളും ആശംസകളും.

### Widen the horizon of charity

അട്ടപ്പാടിയിലെ ജനജീവിതത്തെ അടുത്തറിയാനായി ചെറുപുഷ്പ സഭയിലെ 23 സെമിനാരിക്കാർ ശാന്തിഗ്രാം ആശ്രമത്തിലെത്തി പ്രാദേശിക അനുഭവങ്ങളിലൂടെ കടന്നുപോയി. സഹോദരൻമാർക്ക് ശാന്തിഗ്രാം ആശ്രമത്തിന്റെ നന്ദി അറിയിക്കുന്നു.

**കുഞ്ഞുടുപ്പും കുസൃതിയുമായി**

പുതിയ അദ്ധ്യായന വർഷത്തിൽ 65 കുട്ടികളുമായി നമ്മുടെ LP സ്കൂളിന്റെ പ്രവർത്തനമാരംഭിച്ചു. പുത്തൻ കാഴ്ചപ്പാടുകളോടെ തോമസച്ചന്റെ നേതൃത്വത്തിൽ കാര്യങ്ങൾ പുരോഗമിക്കുന്നു.

## ഗുരുവാനിക്കരയിൽ നിന്നും സ്നേഹപൂർവ്വം

**നന്ദിയുടെ നറുമലരുകൾ**

കഠിനാദ്ധ്വാനവും ആത്മാർത്ഥതയും വഴിയായി ഒരു വർഷക്കാലം ആശ്രമത്തിന്റെ വളർച്ചയ്ക്കായി പരിശ്രമിച്ച ബഹു. ദിലീപ് പാറടിയിൽ അച്ചനെ നന്ദിയോടെ അനുസ്മരിക്കുന്നു. കമുകിൻ തൈകൾ നടുവാനും ജലസേചനപദ്ധതികൾ ക്രമീകരിക്കുവാനും ആശ്രമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും അച്ചൻ കാണിച്ച തീക്ഷ്ണത അഭിനന്ദനാർഹമാണ്.

കൂടുതൽ കരുത്തോടും ഊർജ്ജസ്വലതയോടും കൂടെ 'കിന്നരി പ്പൂക്കൾ' സാരഥിയായി ദൗത്യം ഏറ്റെടുത്ത അച്ചന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥനയും...

**വിറോടും വാശിയോടും**

ബൈപ്പാസ് സർജറി കഴിഞ്ഞ് വിശ്രമത്തിൽ ആയിരുന്ന ബഹു. തോമസ് കട്ടയ്ക്കൽ അച്ചൻ നിഷ്ഠമായ ജീവിതചര്യകളും കൃത്യമായ വ്യായാമ മുറകളുമായി തന്റെ ആരോഗ്യം വീണ്ടെടുത്തുകൊണ്ടിരിക്കുന്നു. വിശ്രമജീവിതത്തിനിടയിലും സോഷ്യൽ മീഡിയ വഴിയായി അനേകരിലേക്ക് നന്മയുടെ വെളിച്ചം വീശുന്ന അച്ചന് അഭിനന്ദനങ്ങൾ.

**സൗഹൃദങ്ങൾ സന്ദർശനങ്ങൾ**

മനുഷ്യജീവിതത്തിന്റെ ഏറ്റവും വലിയ സൗഭാഗ്യം സൗഹൃദങ്ങൾ തന്നെയാണ്. സൗഹൃദങ്ങൾ പുതുക്കാനും ആശ്രമം സന്ദർശിക്കാനും എത്തിച്ചേർന്ന ബഹു. ജോർജ്ജ് നെല്ലുവേലിൽ, ബിനു പയ്യംപ്പിള്ളിൽ, ജോസഫ് പുതിയത്ത്, റോബിൻ മംഗലത്തിൽ, വിപിൻ തുരുത്തിയിൽ, ബിനിൽ മംഗലത്തിൽ, റിജോ കാരിക്കാട്ടിൽ , ടിനോ പാമ്പയ്ക്കൽ, ദീപു കാശാംക്കുറ്റിയിൽ, ദിലീപ് പാറടിയിൽ, ആന്റോ കാരക്കാട്ട്, അതിൻ മനയ്ക്കപ്പറമ്പിൽ, വിമൽദേവ് കണ്ടത്തിൽ എന്നീ അച്ചൻമാരെ നന്ദിയോടെ അനുസ്മരിക്കുന്നു. തുടർന്നും എല്ലാവരുടെയും സന്ദർശനങ്ങൾ, സൗഹൃദങ്ങൾ പ്രതീക്ഷിക്കുന്നു...

# പുഷ്പാരാം വാർത്തകൾ

**റിസൾട്ട് വന്നേ**

1-ാം സെമസ്റ്റർ, 3-ാം സെമസ്റ്റർ കുട്ടികളുടെ റിസൾട്ട് വന്നു. ഇലക്ട്രീഷ്യൻ ട്രേഡിൽ 99 ശതമാനവും ഇലക്ട്രോണിക്ക് മെക്കാനിക്ക് ട്രേഡിൽ 95 ശതമാനവും വിജയം നമ്മുടെ ഐ.ടി.ഐയ്ക്ക് ലഭിച്ചു.

**അഡ്മിഷൻ ആരംഭിച്ചു**

ഐ.ടി.ഐയുടെ കവാടത്തിൽ മനോഹരമായ ബാനറും തോരണങ്ങളും കെട്ടി അലങ്കരിച്ചു. ഐ.ടി.ഐ അഡ്മിഷന് കുട്ടികൾ വന്നുകൊണ്ടിരിക്കുന്നു.

**പരീക്ഷ വന്നണഞ്ഞു**

2-ാം സെമസ്റ്റർ, 4-ാം സെമസ്റ്റർ പരീക്ഷയുടെ ചൂടിലാണ് കുട്ടികൾ എല്ലാവരും. എക്സാമിന് ട്രെയ്നിസിനെ ഒരുക്കാനുള്ള തയ്യാറെടുപ്പിലാണ് അദ്ധ്യാപകർ.

**Personality Development Class**

മെയ് 7-ാം തിയ്യതി ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിലെ തോമസ് ജോൺ സാർ ഐ.ടി.ഐ ട്രെയ്നികൾക്കായി വ്യക്തിത്വവികസന സെമിനാർ നടത്തി. ഈ സെമിനാർ കുട്ടികളിൽ വലിയ ഉണർവ്വ് ഉളവാക്കി.

**Campus Interview**

Banglore ആസ്ഥാനമായി പ്രവർത്തിക്കുന്ന 2 കമ്പനികൾ യഥാക്രമം ആശീർവാദ് കൺസൾട്ടൻസി 15-05-2018 നും സെൽകോം സോലുഷൻസ് 24-05-2018 നും നമ്മുടെ ഐ.ടി.ഐയിൽ വെച്ച് ക്യാംപസ് ഇന്റർവ്യൂ നടത്തുകയും ട്രെയ്നികളെ തിരഞ്ഞെടുക്കുകയും ചെയ്തു. നമ്മുടെ ഈ പ്ലെയ്സ്മെന്റ് സെല്ലിലൂടെ ട്രെയ്നികൾക്ക് എല്ലാവർക്കും ജോലി ലഭിച്ചത് പുഷ്പാരാം ഐ.ടി.ഐയുടെ വിജയ വീഥിയിൽ ഒരു പൊൻതൂവൽ കൂടി...

# ജർമ്മൻ ന്യൂസ്

**ജർമ്മനിയിൽ നിന്ന് സ്നേഹാന്വേഷണങ്ങൾ**

**ജൂബിലി നിറവിൽ**

ഏപ്രിൽ മാസത്തെ മാസധ്യാനം 9-ാം തിയ്യതി തിങ്കളാഴ്ച നമ്മുടെ ആശ്രമത്തിൽ വച്ച് നടന്നു. തലേദിവസം അച്ചൻമാരെല്ലാവരും ഒരുമിച്ചു

കൂടുകയും അരമണിക്കൂർ ആരാധന നടത്തുകയും ചെയ്തു. പിറ്റേ ദിവസം നമ്മുടെ പ്രൊവിൻസിന്റെ ജൂബിലി ഉദ്ഘാടനം ബഹു. അസിസ്റ്റന്റ് പ്രൊവിൻഷ്യൾ ജോൺസൺ വരകപറമ്പിൽ അച്ചൻ നടത്തി. ജൂബിലി തിരി കത്തിക്കുകയും സീറോ മലബാർ കുർബ്ബാന അർപ്പിക്കുകയും ചെയ്തു. ജൂബിലി വർഷത്തെ പ്രൊവിൻസിന്റെ കാഴ്ചപ്പാടുകൾ ബഹു. അസിസ്റ്റന്റ് പ്രൊവിൻഷ്യൾ അച്ചൻ വിശദീകരിച്ചു. ഉച്ചഭക്ഷണ സമയത്ത് അസിസ്റ്റന്റ് പ്രൊവിൻഷ്യൾ ആയി തിരഞ്ഞെടുക്കപ്പെട്ട ജോൺസൺ വരകപ്പറമ്പിൽ അച്ചനെ അനുമോദിക്കുകയും അതോടൊപ്പം 70-ാം ജന്മദിനം ആഘോഷിച്ച അലക്സ് കല്ലറയ്ക്കൽ അച്ചന് ആശംസകൾ നേരുകയും ചെയ്തു.

## Community Building Programme

ഈ വർഷത്തെ Community Building Programme ഉം Get Together ഉം റോമിൽ വച്ച് നടത്തി. ജർമ്മനിയിൽ ജോലി ചെയ്യുന്ന നമ്മുടെ എല്ലാ അച്ചൻമാരും സന്നിഹിതരായിരുന്നു. ഞങ്ങൾക്കുവേണ്ട ക്രമീകരണങ്ങൾ നടത്തുകയും സ്നേഹപൂർവ്വം സ്വീകരിക്കുകയും എപ്പോഴും കൂടെയായിരിക്കുകയും ചെയ്ത ജിനോ പെരിഞ്ചേരി അച്ചനും അത്താഴ വിരുന്ന് ഒരുക്കി ഞങ്ങളെ സ്വീകരിച്ച റോമിൽ പഠിക്കുന്ന എല്ലാ അച്ചന്മാർക്കും ഹൃദയം നിറഞ്ഞ നന്ദി.

### New Commander in Chief

യൂറോപ്പ് Community യുടെ പുതിയ സുപ്പീരിയറായി റവ. ഫാ. ബിജു ഇടമുറിയിൽ, അസി. സുപ്പീരിയറായി റവ. ഫാ. ഷിജു പുളിക്കൽ എന്നിവർ നിയമിതരായി. ജൂൺ മാസത്തിൽ നടന്ന മാസധ്യനത്തിൽ വച്ച് ബഹു. ജനറൽ കൗൺസിലർ ഫാ. ജെയിംസ് പുറത്തയിൽ Vicar Provincial ഫാ. ജോൺസൺ വരകപ്പറമ്പിൽ എന്നിവരുടെ സാന്നിധ്യത്തിൽ പുതിയ സാരഥികൾ ചാർജ്ജെടുത്തു. ബിജു അച്ചനും ഷിജു അച്ചനും ആശംസകളും പ്രാർത്ഥനകളും വിജയങ്ങളും നേരുന്നു. അതോടൊപ്പം നീണ്ട 10 വർഷക്കാലം ഈ സമൂഹത്തെ നയിച്ച ബഹു. അലക്സ് കല്ലറയ്ക്കൽ അച്ചനും, ജോസഫ് ആലങ്ങാട്ടുകാരൻ അച്ചനും ഒരായിരം നന്ദി. ഗോരഖ്പൂർ രൂപതാദ്ധ്യക്ഷൻ മാർ തോമസ് തുരുത്തിമറ്റം ഉച്ചകഴിഞ്ഞ് ഞങ്ങളെ സന്ദർശിക്കുകയും സ്നേഹാന്വേഷണങ്ങൾ നടത്തുകയും ചെയ്തു.

### അവധിക്കാലം

ഒരു വർഷത്തെ നീണ്ട കാത്തിരിപ്പിനുശേഷം ജർമ്മനിയിൽ നിന്നും ഞങ്ങളിൽ പലരും അവധിക്കായി നാട്ടിലേക്ക്... നേരിൽ കാണാമെന്ന പ്രതീക്ഷയോടെ...

# Prayerful Greetings to you...

## JULY

### Birthday

***Fathers***

| | |
|---|---|
| Njavarakattu Regimon | 05 |
| Vayalamannil Vipin | 06 |
| Kallamplackal Philip | 07 |
| Konickal Jijo | 07 |
| Manackalath Robin | 10 |
| Chalil Franko | 13 |
| Chennelliyil Jaison | 13 |
| Panthackal Jose | 14 |
| Puthenvattapillil Bosco | 14 |
| Thekkel Biju | 21 |
| Puthumana Febin | 24 |
| Eyalel Sibi | 26 |
| Pappanacheril Jolichan | 26 |
| PulickalShiju | 28 |
| Kallukulangara Linto | 30 |
| Kochupurackal John | 30 |

***Brothers***

| | |
|---|---|
| Nirappil Prabhath | 19 |
| Cherukunnel Bibin | 21 |
| Thuruvelikunnel Nikhil | 25 |
| Vadakarayil Jobin | 26 |
| Valiyaveettil Anugrah | 29 |

### Feast Day

***Fathers***

| | |
|---|---|
| Anatharackal Thomas | 03 |
| Anjilithoppil Jimmy | 03 |
| Edathazhe Joby | 03 |
| Eyalel Siby | 03 |
| Kallidukil Thomas | 03 |
| Kallukulangara Linto | 03 |
| Karikkattil Rijo | 03 |
| Kattackal Thomas | 03 |
| Konickal Jijo | 03 |
| Koyikkakunnel Jinto | 03 |
| Kuzhithottu Thomas | 03 |
| Kuzhumbil Dimil | 03 |
| Kurisumkal Prasad | 03 |
| Mangalathil Robin | 03 |
| Mulangattil Thomas | 03 |
| Nedunganal Thomas | 03 |
| Njavarakattu Regimon | 03 |
| Ottalankal Thomas | 03 |
| Pathupallil Sijo | 03 |
| Puthuppallil Jaison | 03 |
| Puthuppally Shaibin | 03 |
| Thamarakattu Jose | 03 |
| Thandappally Thomas | 03 |
| Thottathil Sijo | 03 |
| Valiplackal Joshy | 03 |
| Vazhayil Binoy | 03 |
| Paratiyil Jinesh | 11 |
| Edathinal Joby | 15 |
| Eruvelikunnel Ebin | 15 |
| Muzhayananickal Cyriac | 15 |
| Maleparambil Kurian | 15 |
| Manakkalath Robin | 15 |
| Manackaparambil Athin | 15 |
| Kallarackal Alex | 17 |
| ElikkottuVipin | 25 |
| Enchathanathu Jaison | 25 |
| Kachappilly James | 25 |
| Charamthottiyil Santhosh | 25 |
| Purathail James | 25 |
| Thompunnayil Biju | 25 |
| Thundiyil Jeevan | 25 |

***Brothers***

| | |
|---|---|
| Akkara Santo | 03 |
| Chennattu Robin | 03 |
| Cherukunnel Bibin | 03 |
| Kuzhiparambil Jerin | 03 |
| Palamoottil Albin | 03 |
| Pandiyappallil Sibin | 03 |
| Pazheparambil Tom | 03 |
| Poomarathil Lijo | 03 |
| Padikara Justin | 03 |
| Muthukattil Albin | 03 |
| Konnackamannil Nelson | 15 |
| Vellappattu Jithin | 15 |
| Padinjareanisseril Arun | 25 |
| Njalimackal Godwin | 25 |

## AUGUST

### Birthday

***Fathers***

| | |
|---|---|
| Maleparambil Kurian | 01 |
| Thundathil Meljo | 02 |
| Edathazhe Joby | 05 |
| Orathel Ebin | 13 |
| Kottanalloor Abraham | 19 |
| Pathupallil Sijo | 28 |
| Mulangattil Thomas | 28 |

### Birthday

***Brothers***

| | |
|---|---|
| Kandathikudiyil Joison | 01 |
| Thadathil Akhil | 09 |
| Panthackal Shebin | 31 |

### Feast day

***Fathers***

| | |
|---|---|
| Alackal Augustine | 28 |
| Njavarakattu Jills | 28 |
| Palathanath Sojan | 28 |

## SEPTEMBER

### Birthday

***Fathers***

| | |
|---|---|
| Korattiyil George | 01 |
| Vayalil Shimmy | 02 |
| Puthuppally Shaibin | 05 |
| Peedikayil Joyce | 06 |
| Kurisumkal Prasad | 14 |
| Pulinthanam Joseph | 17 |
| ManackaparambilAthin | 25 |

***Brothers***

| | |
|---|---|
| Manthara Manu | 12 |
| Panachipuram Joyal | 23 |
| Mundackal Shibin | 29 |

### Feast Day

***Fathers***

| | |
|---|---|
| Akkoottu Benny | 21 |
| Ayiramala Jino | 21 |
| Chakkiyath Justine | 21 |
| Kandathil VimalDev | 21 |
| Mangalathil Binil | 21 |
| Panachipuram Mathew | 21 |
| Palluruthiyil Reigan | 21 |
| Pongampara Jino | 21 |
| Variyamattam Mathew | 21 |
| VayalamannilVipin | 21 |

***Brothers***

| | |
|---|---|
| Palathinkal Mathew | 21 |
| Rathappillil Joice | 21 |
| Thuruvelikunnel Nikhil | 21 |
| Pannakathil Anson | 21 |
| Manthara Jipin | 21 |







അലോഷ്യസച്ചനും ജോസഫച്ചനും
ജൂബിലി ആശംസകൾ



ആദ്യ വ്രതവാഗ്ദാനം നടത്തിയ
സഹോദരന്മാർക്ക്
ആശംസകൾ




Former Manchester United midfielder **Philip Mulryne**, who earned 27 caps for his country in a career was ordained as a Catholic Priest in 2017.




FIFA WORLD CUP
RUSSIA 2018
**BEST COMPLIMENTS**